# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടന്ന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-10/1140/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 11/01/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടന്ന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടന്ന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടന്ന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-10/1140/2022 തീയ്യതി: 11/01/2023

## കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കിഷോർ തോമസ് | ഡെപ്യൂട്ടി ഡയരക്ടർ(ഹ.ഗ്രേ.) | 25-11-2022 | 02-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-11-2022 | 02-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ.സി (ഓഡിറ്റ് ഓഫീസർ)
രഘുനാഥൻ.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
സുനിൽ കുമാർ.എം (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ജനാർദ്ദനൻ.സി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ബിന്ദു.വി.വി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി വി മുഹമ്മദ് അസ്ലം | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി നിർമ്മല പി വി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിനയരാജ് കെ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി അനിത കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ അമ്പുജാക്ഷൻ ടി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ലത പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 09-11-2021 |
| ശ്രീമതി രേവതി പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-11-2021 | 31-03-2022 |
| ശ്രീ രമേശൻ എം | വി.ഇ.ഒ (പടന്ന സർക്കിൾ) | 01-04-2021 | 24-01-2022 |
| ശ്രീ സഞ്ജയ് കുമാർ കെ വി | വി.ഇ.ഒ (പടന്ന സർക്കിൾ) | 25-01-2022 | 31-03-2022 |
| ശ്രീ രമേശൻ എം, I/c | വി.ഇ.ഒ (ഉദിനൂർ സർക്കിൾ) | 01-04-2021 | 30-09-2021 |
| ശ്രീ രാജേഷ് പി.വി | വി.ഇ.ഒ (ഉദിനൂർ സർക്കിൾ) | 01-10-2021 | 31-03-2022 |
| ശ്രീ ബാലകൃഷ്ണൻ നാറോത്ത് | പ്രധാനാധ്യാപകൻ | 01-04-2021 | 06-12-2021 |
| ശ്രീ രാമചന്ദ്രൻ നായർ കെ പി | പ്രധാനാധ്യാപകൻ | 07-12-2021 | 31-03-2022 |
| ഡോ. ശ്രീവിദ്യ നമ്പ്യാർ കെ | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ. അമ്പിളി ജനാർദ്ദനൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ. നിഷ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. നാദിറ എ | മെഡിക്കൽ ഓഫീസർ | 01-04-2021 | 04-11-2021 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| ഡോ. രശ്മി ഇ | മെഡിക്കൽ ഓഫീസർ ഹോമിയോ | 05-11-2021 | 31-03-2022 |
| ശ്രീ മനോജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 06-07-2021 |
| ശ്രീ വേണുഗോപാലൻ വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-07-2021 | 31-03-2022 |
| ശ്രീമതി പ്രമീള ഒ വി | ഫിഷറീസ് സബ് ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2 |
| 3 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-2-1 |
| 4 | ബാലൻഷീറ്റ് B-4, B-9 ബാധ്യതാ ഫണ്ടുകളിലെ അപാകത | 1-2-2 |
| 5 | ബാലൻഷീറ്റ് B-18- ലോൺ, അഡ്വാൻസ്, ഡിപ്പോസിറ്റ് എന്നിവയിലെ അപാകത. | 1-2-3 |
| 6 | റീക്കൺസിലിയേഷൻ പത്രികയിലെ അപാകത. | 1-2-4 |
| 7 | പാർട്ട് ബില്ലായി നൽകിയ തുകകൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. | 1-2-5 |
| 8 | ദുരിതാശ്വാസ നിധി അക്കൗണ്ടിലെ അപാകത | 1-2-6 |
| 9 | അക്കൗണ്ടിങ്ങ് എൻട്രികൾ കൃത്യതയോടെ ചെയ്യുന്നില്ല | 1-2-7 |
| 10 | ജില്ലാപഞ്ചായത്ത് വിഹിതം- ചെലവിന്റെ കണക്കുകളിൽ വ്യത്യാസം | 1-2-8 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | വിവിധ ഫണ്ടുകളുടെ വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം. | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾക്കായി തൻ വർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | റോഡ് റെസ്റ്റൊറേഷൻ ചാർജ് ഈടാക്കിയതിൽ അപാകത | 1-10 |
| 19 | തൊഴിൽ നികുതി - അപാകതകൾ | 1-11 |
| 20 | ബാലൻസ് രശീതികൾ | 1-12 |
| 21 | സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. | 1-13 |
| 22 | കൃഷി ഓഫീസർ - പദ്ധതി അവലോകനം | 1-14 |
| 23 | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല. | 1-15 |
| 24 | ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. | 1-16 |
| 25 | ആരോഗ്യ മേഖലയിൽ സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടില്ല. | 1-17 |
| 26 | ആർജിത അവധി കണക്കിൽ അപാകത. | 1-18 |
| 27 | ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തിയത് അംഗീകാരം വാങ്ങിയിട്ടില്ല. | 1-19 |

| | | |
|---|---|---|
| 28 | വിദ്യാർത്ഥികൾക്ക് മേശയും കസേരയും നല്കിയതിലെ അപാകത(എസ് സി പി) | 1-20 |
| 29 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ അപാകത(എസ് സി പി) | 1-21 |
| 30 | പഞ്ചായത്ത് ലൈബ്രറി ഡിജിറ്റലൈസേഷൻ-അപാകത | 1-22 |
| 31 | ഓരി തുടർ വിദ്യാകേന്ദ്രത്തിന് ലാപ്പ് ടോപ്പും പ്രിന്ററും നല്കൽ-അപാകത | 1-23 |
| 32 | എസ് എസ് എ വിഹിതം നല്കിയത് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-24 |
| 33 | പടന്ന ഫിഷ് ലാന്റിംഗ് സെന്ററിനായി നിർമ്മിച്ച കെട്ടിടവും അനുബന്ധ സൗകര്യവും പ്രയോജനപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കണം. | 1-25 |
| 34 | വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജനം നടത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാൽ ആവശ്യകത കണക്കാക്കാതെ തീരെ ചെറിയ നീളത്തിൽ റോഡ് പ്രവൃത്തി ചെയ്യുന്നു. | 1-26 |
| 35 | നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല | 1-27 |
| 36 | ഭവനിർമ്മാണം പൂർത്തീകരിച്ചില്ല | 1-28 |
| 37 | കറവപ്പശു വളർത്തൽ വനിത- ആനുകൂല്യം നല്കിയതും മറ്റ് അപാകതകളും. | 1-29 |
| 38 | വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ പദ്ധതി നടത്തിപ്പിലെ അപാകത. | 1-30 |
| 39 | അങ്കണവാടി പോഷകാഹാര വിതരണം- ഉത്തരവിന് വിരുദ്ധമായി ജി.എസ്.ടി ഈടാക്കി. | 1-31 |
| 40 | പട്ടികജാതി കോളനി- തെരുവ് വിളക്ക് ലൈൻ വലിക്കൽ പദ്ധതി | 1-32 |
| 41 | വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി-പട്ടികജാതി | 1-33 |
| 42 | ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 1-34 |
| 43 | ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ LED ലൈറ്റ് സെറ്റ് സ്ഥാപിക്കൽ | 1-35 |
| 44 | ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി | 1-36 |
| 45 | പദ്ധതി ഗുണഭോക്താക്കളെ ഗ്രാമസഭകളിലൂടെ തെരഞ്ഞെടുക്കാത്തതും മറ്റ് അപാകതകളും | 1-37 |
| ഭാഗം **2** | | |
| 1 | റോഡ് റെസ്റ്റോറേഷൻ ചാർജ് കണക്കാക്കിയതിൽ അപാകത. | 2-1 |
| ഭാഗം **3** | | |
| 1 | കറവപ്പശു വളർത്തൽ വനിത- ഒരേ ഗുണഭോക്താവിന് തന്നെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിൽ രണ്ട് തവണ കറവപ്പശു വാങ്ങുവാൻ സബ്സിഡി ആനുകൂല്യം നല്കി- തുക നിരാകരിക്കുന്നു. | 3-1 |
| ഭാഗം **4** | | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം നം. | 1/1,തീ.19.02.2022 | 2/1,തീ.22.03.2022 |
| മുന്നിരിപ്പ് | 92,62,738 | 1,55,41,824 |
| വരവ് | 16,19,86,602 | 17,12,23,757 |
| ആകെ | 17,12,49,340 | 18,67,65,581 |
| ചെലവ് | 16,56,33,000 | 18,58,41,733 |
| നീക്കിയിരിപ്പ് | 56,16,340 | 9,23,848 |

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

പടന്ന ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

### 1-2-2 ബാലൻഷീറ്റ് B-4, B-9 ബാധ്യതാ ഫണ്ടുകളിലെ അപാകത

ബാധ്യതാ ഫണ്ടുകളുടെ അക്കൗണ്ടിംഗിൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ വിവരിക്കുന്നു,

A).320100121- Centrally Sponored Scheme- Integrated Child Devalopment Scheme(ICDS)- ഈ ഹെഡിൽ 31.03.2022-ന് 19,49,490രൂപ ബാധ്യതയുള്ളതായി കാണിക്കുന്നു. സംയോജിത ശിശുവികസന പദ്ധതിയ്ക്ക് കേന്ദ്രഫണ്ടിനത്തിൽ ലഭിച്ച തുകയാണിത്, 2021-22 വർഷം മേൽ പദ്ധതിയിനത്തിൽ 5,52,006 രൂപ കേന്ദ്രഫണ്ടിനത്തിൽ ചെലവുണ്ട്. ആയത് ബാധ്യതയിൽ നിന്ന് ജേണൽ ചെയ്ത് കുറവ് ചെയ്തിട്ടില്ല.

B).320200322- Grants From Suchithwa Mission- ഈ ഹെഡിൽ 31.03.2022-ന് 34,79,207രൂപ ബാധ്യതയുള്ളതായി കാണിക്കുന്നു. എന്നാൽ ഈ ഫണ്ടിൽ നിന്നും ഓഡിറ്റ് വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 50,000 (27300+22700)രൂപയുടേയും, AE നിർവ്വഹണ ഉദ്യോഗസ്ഥനായി 4,84,081 രൂപയുടേയുമടക്കം ആകെ 5,34,081 രൂപയുടെ ചെലവുണ്ട്. ആയത് ബാധ്യതയിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

C).320300199- Grants, Funds & Contributions For Specific Purposes- Other Goverment Agencies- എന്ന ഹെഡിൽ 31.03.2022-ന് 10,36.929 രൂപ ബാധ്യതയുള്ളതായി കാണിക്കുന്നു. എന്നാൽ അഗതി ആശ്രയ പദ്ധതിക്ക് വേണ്ടി 18.5.2016-ന് (Vr No 21600119/dt.18.5.2016) ചെലവഴിച്ച 5,55,529 രൂപയുടെ ബാധ്യത ജേണൽ ചെയ്ത് കുറവ് ചെയ്തിട്ടില്ല.

D).320800101- Beneficiary Contributions- ഈ ഹെഡിൽ 31.03.2022-ന് 5,44,256രൂപ ബാധ്യതയുള്ളതായി കാണിക്കുന്നു. എന്നാൽ ഈ ബാധ്യതയിൽ നിന്നും 5,40,700 രൂപയുടെ ഓഡിറ്റ് വർഷത്തെ ചെലവ് കുറവ് വരുത്തിയിട്ടില്ല.

E).വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെയും വിഹിതം നല്കിയ സ്ഥാപനങ്ങൾക്ക് തിരികെ നല്കാതെയും പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| Code No | ഇനം | തുക |
|---|---|---|
| 320700104 | Contribution For Joint Venture Projects(for Capital Expenditure)-From Block Panchayaths | 2,10,847 |
| 320700204 | Contribution For Joint Venture Projects (For Revenue Expenditure)-from Block Panchayaths | 25,398 |
| 320700105 | Contribution For Joint Venture Projects (For Capital Expenditure)-From District Panchayaths | 4,49,654 |
| 320700205 | Contribution For Joint Venture Projects (For Revenue Expenditure)-From District Panchayaths | 1,00,000 |

F).ഷെഡ്യൂൾ B-17 പ്രകാരം പടന്ന SCB-യിലെ സാക്ഷരതാ ബാങ്ക് അക്കൗണ്ടിൽ 88,488 (Code-450630103) ബാലൻസ് ഉണ്ട്. പ്രത്യേക ഉദ്ദേശ്യത്തിനുള്ള ഫണ്ട് ആയിരുന്നിട്ടും ആയത് ഷെഡ്യൂൾ B-4 -ൽ കാണിച്ചിട്ടില്ല. ഈ അപാകതക്ക് കാരണം വ്യക്തമല്ല.

G).ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി- 9-ലെ ( 350800101 ) Liability In Respect Of Stale Cheques-ഹെഡിൽ ഉള്ള 1,06,979/- രൂപയുടെയും, (350800299) Other Liabilities- എന്ന ഹെഡിൽ ഉൾപ്പെട്ട 3,93,680/- രൂപയുടെയും വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

1-2-3 ബാലൻഷീറ്റ് B-18- ലോൺ, അഡ്വാൻസ്, ഡിപ്പോസിറ്റ് എന്നിവയിലെ അപാകത.

A).ബാലൻഷീറ്റ് B-18- 460500205- Avance To Implementing Agencies- Deposit With PWD എന്ന ഹെഡിൽ 1,20,000 രൂപ കാണുന്നു, ഈ തുക ICDS സൂപ്പർവൈസർ 2017-18 വർഷം ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗൻവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണം നടത്തുന്നതിനായി ഗ്രാമ പഞ്ചായത്ത് വിഹിതമായി ബിൽ നമ്പർ 15/17-18 തീയതി-17.3.2018 (1,20,000 രൂപ) പ്രകാരം പിൻവലിച്ച് കാസറഗോഡ് ജില്ലാ പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ പേരിലുള്ള 8448-00-108-PW-Deposit എന്ന ശീർഷകത്തിൽ 17.03.2018 തീയതിയിൽ ട്രഷറി ചലാൻ വഴി ഡിപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ഈ പ്രൊജക്റ്റ് പ്രകാരമുള്ള അംഗൻവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരം പരിശോധിക്കേണ്ടതാണ്.

B). ബാലൻഷീറ്റ് B-18- 460509901- Avance To Others എന്ന ഹെഡിൽ 15,93,271 രൂപ കാണുന്നു, ഈ ഹെഡിലുള്ള തുക MGNREGA- ജീവനക്കാരുടെ വേതനമിനത്തിലും ഓഫീസ് നടത്തിപ്പിനത്തിലും നല്കിയ മുൻകൂർ തുകയാണ്. എന്നാൽ MGNREGA- ക്യാഷ് ബുക്ക് പരിശോധിച്ചപ്പോൾ 15,80,180 രൂപയാണ് മുൻകൂറായി പഞ്ചായത്തിൽ നിന്ന് വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. 13,091 രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു. ആയത് വിശദീകരിച്ചിട്ടില്ല.

C).വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ നൽകിയ തുക (ബി-18- Code No-460100103, 460100105, 460100199, 460500501, 460600101) സമയബന്ധിതമായി ക്രമീകരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

### 1-2-4 റീക്കൺസിലിയേഷൻ പത്രികയിലെ അപാകത.

റീക്കൺസിലിയേഷൻ പത്രികയിൽ മൂന്ന് മാസത്തിലധികം പഴക്കമുള്ള ചെക്കുകളും ചേർത്തു കാണുന്നു. LG TSB A/c-799013000000193 (450250109) അക്കൗണ്ടിന്റെ 31.03.2022 ലെ റിക്കൺസിലിയേഷൻ പത്രികയിൽ Cheques Deposited But Not Collected Into Bank എന്ന വകയിൽ 24.09.2021-ലെ 6,250 രൂപയുടെ ചെക്ക് ചേർത്തിട്ടുണ്ട്. ചെക്ക് നം 593482/തീയ്യതി.24.09.2021 പ്രകാരമുള്ള 6,250 രൂപ നാളിതുവരെ അക്കൗണ്ടിൽ വരവ് വരാത്തതിന്റെ കാരണം പരിശോധിക്കേണ്ടതാണ്.

### 1-2-5 പാർട്ട് ബില്ലായി നൽകിയ തുകകൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress (B-11(a)) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവിധ പ്രോജക്ടുകൾക്ക് വേണ്ടി പാർട്ട് ബില്ലായി 2021-22 വർഷം 30,36,661 രൂപ നല്കിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു,

| സീ.നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ഫണ്ട് | തുക |
|---|---|---|---|---|
| 1 | 113/2021-22 | പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ഡ്രെയിനേജ് നിർമ്മാണവുംപുനരുദ്ധാരണവും | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 18,20,560 |
| 2 | 114/2021-22 | പഞ്ചായത്തിലെ പൊതു കുളങ്ങളുടെ നവീകരണം | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 5,26,182 |
| 3 | SO123/2021-22 | പടന്ന പൊറോട്ട് പച്ചിനായി റോഡ് ടാറിംഗ് രണ്ടാം ഘട്ടം | തനത് ഫണ്ട് | 3,33,692 |
| 4 | 196/2021-22 | പടന്ന എഫ്.എച്ച്.സി ഷീറ്റ് റൂഫിംഗ് | മെയിന്റെനൻസ് ഫണ്ട് നോൺറോഡ് | 3,56,227 |
| ആകെ | | | | 30,36,661 |

### 1-2-6 ദുരിതാശ്വാസ നിധി അക്കൗണ്ടിലെ അപാകത

ബാലൻസ് ഷീറ്റ് B-2 Special Fund/Sinking Fund (311100101)- ഹെഡിൽ ദുരിതാശ്വാസനിധി ഫണ്ടിനത്തിൽ 20,234 രൂപയുടെ ബാധ്യത അക്കൗണ്ട് ചെയ്തിട്ടുണ്ട്, എന്നാൽ ദുരിതാശ്വാസ നിധിയുടെ ബാങ്ക് അക്കൗണ്ടിൽ (450610102- KGB-Relieffund-40414100004534) 17,734 രൂപ മാത്രമാണ് ബാലൻസുള്ളത്. 2500 രൂപയുടെ കുറവുണ്ട്, ആയതിനു കാരണം ഓഡിറ്റ് വർഷം വരവ് വന്ന 2500രൂപ (റസീത് നം121010105865 തീ.30.03.20220) ദുരിതാശ്വാസ നിധിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടുന്നതിനു പകരം തനത് ഫണ്ടിൽ നിക്ഷേപിച്ചതുകൊണ്ടാണ്. ആയത് ക്രമീകരിക്കേണ്ടതാണ്.

### 1-2-7 അക്കൗണ്ടിങ്ങ് എൻട്രികൾ കൃത്യതയോടെ ചെയ്യുന്നില്ല

ജേർണൽ ബുക്കിന്റെ പരിശോധനയിൽ ധാരാളം കറക്ഷൻ എൻട്രികൾ വരുത്തിയിട്ടുള്ളതായി കാണുന്നു. ജേണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി വയ്ക്കുന്ന പതിവ് പഞ്ചായത്തിൽ ഇല്ല. ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവ സൂക്ഷിക്കുന്ന പതിവും പഞ്ചായത്തിൽ ഇല്ല. സാംഖ്യ സോഫ്റ്റ് വെയറിൽ വരവു ചെലവുകൾ രേഖപ്പെടുത്തുമ്പോഴും, ജേർണൽ എൻട്രികൾ വരുത്തുമ്പോഴും, കൃത്യമായ ഹെഡുകൾ തിരഞ്ഞെടുക്കാത്തതുകൊണ്ടും, സമയബന്ധിതമായി അക്കൗണ്ടിങ്ങ് എൻട്രികൾ

വരുത്താത്തതുകൊണ്ടുമാണ് ഇത്തരത്തിൽ വളരെ കൂടുതലായി കറക്ഷൻ ജേർണൽ എൻട്രികൾ ആവശ്യമായിവരുന്നത്. അക്കൗണ്ടിങ്ങ് എൻട്രികൾ കൃത്യതയോടെ ചെയ്യുന്ന എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2-8 ജില്ലാപഞ്ചായത്ത് വിഹിതം- ചെലവിന്റെ കണക്കുകളിൽ വ്യത്യാസം

| സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | ധനകാര്യ പത്രിക പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|
| 19,25,999 | 19,22,259 | 3,740 |

മെഡിക്കൽ ഓഫീസർ അലോപ്പതി നടപ്പിലാക്കിയ സാന്ത്വന പരിചരണം പദ്ധതിയുടെ ചെലവ് (പ്രൊജക്റ്റ് നം-4/2021-22) സുലേഖ ചെലവ് പത്രിക പ്രകാരം 99,999 രൂപയാണ് രേഖപ്പെടുത്തിയത്, യഥാർത്ഥ ചെലവ് 96,259 രൂപ മാത്രമാണ്. 3,740 രൂപയുടെ ചെവലു തുക അധികം കാണിച്ചതു കൊണ്ടാണ് ഈ വ്യത്യാസത്തിന് കാരണം.

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-2022 |
|---|---|
| മുന്നിരിപ്പ് | 2,68,43,785 |
| വരവ് | 7,60,88,485 |
| ആകെ | 10,29,32,270 |
| ചെലവ് | 7,92,44,782 |
| നീക്കിയിരിപ്പ് | 2,36,87,488 |

1-4 വിവിധ ഫണ്ടുകളുടെ വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12887242 | 12887242 | 11978820 | 908422 | 93% |
| വികസനഫണ്ട് എസ്.സി.പി. | 0 | 4429136 | 4429136 | 4345585 | 83551 | 98% |
| സി.എഫ്.സി ടൈഡ് (ട്രഷറി) | 0 | 2533052 | 2533052 | 542466 | 1990586 | 21% |
| സി.എഫ്.സി ടൈഡ് (ബാങ്ക്) | 0 | 3514000 | 3514000 | 2346742 | 1167258 | 66.8% |

| | | | | | | |
|---|---|---|---|---|---|---|
| സി.എഫ്.സി അൺടൈഡ്(ട്രഷറി) | 0 | 786616 | 786616 | 412152 | 374464 | 52.4% |
| സി.എഫ്.സി അൺടൈഡ്(ബാങ്ക്) | 0 | 2384765 | 2384765 | 2324432 | 60333 | 97.5% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7814704 | 7814704 | 7417464 | 397240 | 95% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4875038 | 4875038 | 4152412 | 722626 | 85.2% |
| ആകെ | 0 | 39224553 | 39224553 | 33520073 | 5704480 | 85.5% |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹22,48,801 (ജനറൽ), ₹58,66 6 (എസ്.സി.പി.) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9730019 | 9730019 | 9730019 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4286919 | 4286919 | 4286919 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7417464 | 7417464 | 7417464 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4152412 | 4152412 | 4152412 | 0 |
| സി.എഫ്.സി ടൈഡ് (ട്രഷറി) | 0 | 542466 | 542466 | 542466 | 0 |
| സി.എഫ്.സി ടൈഡ് (ബാങ്ക്) | 0 | 3514000 | 3514000 | 2346742 | 1167258 |
| സി.എഫ്.സി അൺടൈഡ് (ട്രഷറി) | 0 | 412152 | 412152 | 412152 | 0 |
| സി.എഫ്.സി | 0 | 2384765 | 2384765 | 2324432 | 0 |

| | | | | | |
|---|---|---|---|---|---|
| അൺടൈഡ് (ബാങ്ക്) | | | | | |
| ബി ഫണ്ട് | | | | | |
| വിവാഹധനസഹായം | 0 | 540000 | 540000 | 540000 | 0 |
| നെൽ ഉല്പാദക ബോണസ്സ് | 0 | 75000 | 75000 | 75000 | 0 |
| ട്രഷറി അക്കൗണ്ട് | | | | | |
| ട്രഷറി TSB - ജനറൽ പർപ്പസ് | 764880 | 12406965 | 13171845 | 12269327 | 902518 |
| TSB സംയുക്ത പദ്ധതി | 735036 | 397453 | 1132489 | 335969 | 796520 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| പൈക്ക | 141818 | 5672 | 147490 | 0 | 147490 |
| ശുചിത്വ മിഷൻ | 2621626 | 857581 | 3479207 | 0 | 3479207 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| ജലനിധി | 1259485 | 36593 | 1296078 | 0 | 1296078 |
| ലൈബ്രറി ഗ്രാന്റ് | 0 | 13980 | 13980 | 0 | 13980 |
| സാക്ഷരത | 85085 | 3403 | 88488 | 0 | 88488 |
| ലൈഫ് മിഷൻ | 398092 | 4508656 | 4906748 | 4494305 | 412443 |
| ദുരിതാശ്വാസനിധി | 17233 | 501 | 17734 | 0 | 17734 |

കുറിപ്പ് :

1).മേൽ വിവരിച്ച വരവ് ചെലവുകൾ കൂടാതെ, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ തൻ വർഷം 1,18,82,004/-രൂപ വരവുണ്ട്.

2).വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷം ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവർ ചെയ്ത് ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് ജനറലിൽ 3,10,242രൂപയും, വികസനഫണ്ട് എസ്.സി.പി യിൽ 75,136രൂപയും, മെയിന്റനൻസ് ഗ്രാന്റ്-Road-ൽ 26,704 രൂപയും, മെയിന്റനൻസ് ഗ്രാന്റ്-Non Road-ൽ 29,788 രൂപയുമാണ് ലഭിച്ചത്, കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവ് ചെയ്ത തുക 35,250രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി).6591/2021/ഫിൻ പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളുടെ ബാങ്കിൽ നീക്കിയിരിപ്പുള്ള തുകയ്ക്ക് 42,765 രൂപ പലിശ ലഭിച്ചിട്ടുണ്ട്.

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 174 | 142 | 4 | 28 | 84% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-2022 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 30 | 7858028 | 25 | 6109690 | 77.8% |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 2593138 | 10 | 1838817 | 70.9% |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 72 | 29668383 | 56 | 17710642 | 59.7% |

| | | | | | | |
|---|---|---|---|---|---|---|
| 4 | കൃഷി ഓഫീസർ | 6 | 2253061 | 6 | 1998234 | 88.7% |
| 5 | വി.ഇ.ഒ | 17 | 33226330 | 14 | 11338631 | 34% |
| 6 | ICDS സൂപ്പർവൈസർ | 6 | 4615430 | 6 | 4351587 | 94.3% |
| 7 | വെറ്റിനറി സർജ്ജൻ | 10 | 4289830 | 10 | 2323500 | 54.2% |
| 8 | MO - ആയുർവ്വേദം | 4 | 768000 | 4 | 732578 | 95.4% |
| 9 | MO-പി.എച്ച്.സി | 4 | 2364850 | 4 | 2276304 | 96.3% |
| 10 | പ്രധാനാധ്യാപകൻ | 10 | 1947942 | 7 | 1608089 | 82.6% |
| 11 | ഡയറി ഫാം ഇൻസ്കൂർ | 1 | 1150000 | 1 | 1150000 | 100% |
| 12 | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 3 | 1605000 | 3 | 131585 | 8.2% |
| | ആകെ | 174 | 92339992 | 146 | 51569657 | 55.8% |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 13,840 | 5,07,515 | 5,21,355 | 5,21,355 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,71,14,516 | 4,71,14,516 | 4,71,14,516 | 0 |
| ആകെ | 13,840 | 4,76,22,031 | 4,76,35,871 | 4,76,35,871 | 0 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-2022 വർഷം 2727 പദ്ധതികളുൾപ്പെടുന്ന 80.095 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 522 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 1,54,935 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറ് തൊഴിൽ ദിനം ലഭിച്ച 1099 കുടുംബങ്ങളുണ്ട്.

1-7 ക്ഷേമ പദ്ധതികൾക്കായി തൻ വർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമ പഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 64,87,600 | 404 |
| വിധവാ പെൻഷൻ | 1,77,19,800 | 1128 |
| വാർദ്ധക്യകാല പെൻഷൻ | 1,94,34,800 | 1301 |
| വികലാംഗ പെൻഷൻ | 53,55,800 | 349 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,88,000 | 13 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 5,40,000 | 18 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-11-2022 തീയ്യതിയിൽ 3.00 P.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 10,275/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പൊതു നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 2 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം നേഴ്സറി ടീച്ചർ | 1 |

| | | |
|---|---|---|
| 9 | പാർട്ട് ടൈം നേഴ്സറി ആയ | 1 |
| 10 | ഫുൾ ടൈം ലൈബ്രേറിയൻ | 1 |

09.10.2019 ലെ ഉത്തരവ് നം. 13/2019 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനത്തിൽ നിരവധി സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപയോഗം, അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് പരാമർശങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 35 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 പ്രാവശ്യവും, വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും, ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 പ്രാവശ്യവും, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10-ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. (3/2021, 9/2021, 2/2022 എന്നീ മാസങ്ങളിലെ വരവ് ചെലവ് കണക്കുകൾ യഥാക്രമം 16.04.2021, 14.09.2021, 15.03.2022 എന്നീ തിയ്യതികളിലാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്). സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരെയും പങ്കെടുപ്പിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2021-2022 സാമ്പത്തിക വർഷം 14 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്.

### കൺട്രോൾ ഓവർ അക്കൌണ്ട്

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്റുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രീകൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

### പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട്. വസ്തുനികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. തൻവർഷം എല്ലാ നികുതികളിലുമായി 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്.

പടന്ന ഗ്രമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2021-2022 വർഷത്തിൽ ആകെ 4 തവണ യോഗം (15.09.2021, 20.10.2021, 30.11.2021, 03.02.2022) ചേർന്നിട്ടുണ്ട്. സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരായ ശ്രീമതി.റീന ലക്ഷമണൻ-അക്കൗണ്ടന്റ്, ശ്രീ.അനിൽകുമാർ. പി.വി-സീനിയർ ക്ലാർക്ക് എന്നിവരുടെ ശമ്പളം പരിഷ്കരിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല എന്ന കാര്യം മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അംഗീകാരം വാങ്ങിയിട്ടില്ല.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബെൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല.

ആസ്തികളിൻ മേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-10 റോഡ് റെസ്റ്റൊറേഷൻ ചാർജ് ഈടാക്കിയതിൽ അപാകത

2021-22 സാമ്പത്തിക വർഷത്തിൽ ടെലിസോണിക്ക് നെറ്റ് വർക്സ് (എയർടെൽ) എന്ന സ്ഥാപനം, പടന്ന ഗ്രാമപഞ്ചായത്തിലെ ഉദിനൂർ റോഡിൽ 468 മീറ്റർ ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി റോഡ് കട്ടിങ് ചെയ്യുന്നതിന് 27.01.2021 ൽ TNL/KER/ROW/PWD/TKPR04/01 നമ്പറായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച അപേക്ഷയിൽ 468 മീറ്റർ നീളത്തിലും 0.45

മീറ്റർ വീതിയിലും Berm Cutting നടത്തുന്നതായാണ് സൂചിപ്പിച്ചിട്ടുള്ളത്. പ്രസ്തുത റോഡ് പരിശോധിച്ച് 468 മീറ്റർ നീളത്തിലും 0.45 മീറ്റർ വീതിയിലും Berm Cutting നടത്തുന്നതിന് റെസ്റ്റോറേഷൻ ചാർജ് ആയി 75,784 രൂപയാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്. റോഡ് കട്ട് ചെയ്യുന്നതിനുള്ള ഫീസ് കണക്കാക്കുന്നതിന് എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ (എസ്റ്റിമേറ്റ് തിയ്യതി 06.02.2021), വീതി ട്രഞ്ച് കീറുന്നതിന്റെ 1.5 ഇരട്ടി ആയി കണക്കാക്കണമെന്ന നിബന്ധന പാലിക്കാതെ യഥാർത്ഥത്തിൽ കട്ട് ചെയ്ത 0.45 മീറ്റർ വീതിയാണ് വിസ്തീർണം കണക്കാക്കുന്നതിന് പരിഗണിച്ചിട്ടുള്ളത്. ഇത്തരത്തിൽ തെറ്റായി എസ്റ്റിമേറ്റ് കണക്കാക്കിയത് മൂലം ഗ്രാമ പഞ്ചായത്തിന് 37,892/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ പരാമർശം ഖണ്ഡിക 2-1 ആയി ചേർത്തിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി - അപാകതകൾ

പടന്ന ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അർദ്ധവാർഷിക പത്രികകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

ചെക്ക് മുഖേന ഒടുക്കിയ തൊഴിൽ നികുതി തുക അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

പടന്ന വെറ്റിനറി ഡിസ്പെൻസറിയിലെ ജീവനക്കാരുടെ ഒന്നാം വർഷത്തെ തൊഴിൽ നികുതി 6,250/-രൂപ 24.09.2021-ലെ ചെക്ക് നം. JH-0593482 പ്രകാരം പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ട് നം.799013000000193 ലേക്ക് ട്രാൻസ്ഫർ ചെയ്തെങ്കിലും ആയത് വരവ് വന്നിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| അക്കൗണ്ട് നം. | വൗച്ചർ നം. തീയതി | ചെക്ക് നം. തീയതി | തുക |
|---|---|---|---|
| ടി.എസ്.ബി.അക്കൗണ്ട് നം.799013000000193 | 121010500007/04.10.2021 | 0593482/24.09.2021 | 6,250 |

വെറ്റിനറി ഡിസ്പെൻസറിയിലെ ജീവനക്കാരുടെ 2021-22 ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | കുടുംബശ്രീ, പടന്ന | ഒന്നാം അർദ്ധ വർഷം |
| 2 | മെട്രോ പോളി ക്ലിനിക് &ലബോറട്ടറി | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | മെഡി പ്ലസ് പോളി ക്ലിനിക് | ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| 1 | അൽ സഫർ ഫ്യൂവൽസ്, പടന്ന | ഒന്നാം അർദ്ധവർഷം |

(ഓഡിറ്റ് എൻക്വയറി നം.25/21-22 തീയതി:01.12.2022)

## 1-12 ബാലൻസ് രശീതികൾ

പടന്ന ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് നടത്തിയ രശീതി സ്റ്റോക്ക് പരിശോധനയിൽ സാംഖ്യ (ക്യാഷ്) രശീതികൾ 1450 എണ്ണവും (രശീതി നം.6589551 മുതൽ 6591000 വരെ) മാന്വൽ രശീതി ബുക്കുകൾ 29 എണ്ണവും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. (സ്റ്റോക്ക് രജിസ്റ്റർ പേജ് നം, 2 & 50) 2022 വർഷം മുതൽ ILGMS നിലവിൽ വന്ന സാഹചര്യത്തിൽ സാംഖ്യ രശീതികൾ ഉപയോഗിക്കേണ്ട ആവശ്യം വരുന്നില്ല. അതിനാൽ ബാക്കിയുള്ള രശീതികൾ തിരികെ നൽകുന്നതിന്/ ക്യാൻസൽ ചെയ്യുന്നതിന് മേലധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.28 തീയതി : 02.12.2022)

## 1-13 സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

14.01.2011 ലെ സ.ഉ.(അ) നം. 19/2011/ത.സ്വ.ഭ.വ. നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപ വിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗ ക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമ പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ഈടാക്കുന്നുണ്ട്. എന്നാൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/ത.സ്വ.ഭ.വ. നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/ത.സ്വ.ഭ.വ. നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗ ക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.എന്നാൽ ഈ ഭേദഗതികൾ അനുസരിച്ച് ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള ഉപയോഗ ക്രമങ്ങളിൽപ്പെടുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല. ഭേദഗതി ഉത്തരവ് പ്രകാരമുള്ള ഉപയോഗ ക്രമങ്ങളുടെയും നിരക്കുകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഉപയോഗക്രമം | കുറഞ്ഞനിരക്ക് | കൂടിയനിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് ഉപയോഗി ക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 3 | കാർഷിക ആവശ്യത്തിനുള്ളവ | 0 | 0 |
| 4 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |

| | | | |
|---|---|---|---|
| 5 | റസിഡൻഷ്യൽ ഹോം സ്റ്റേ | 10 | 25 |

ഇപ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്തിൽ പരിഷ്കരിച്ചിട്ടില്ല. നികുതി നിരക്കുകൾ പരിഷ്കരിച്ച് ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കൃഷി ഓഫീസർ - പദ്ധതി അവലോകനം

പടന്ന ഗ്രാമ പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 6 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നെൽകൃഷി, പച്ചക്കറികൃഷി, വാഴകൃഷി എന്നിവയുടെ പ്രോത്സാഹനത്തിന് സഹായിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉത്പാദനമേഖലയിലെ സ്ഥായിയായ വളർച്ച ഉറപ്പു വരുത്തുന്നതിൽ ഈ പദ്ധതികൾ എത്രമാത്രം പ്രയോജനപ്പെടുന്നു എന്ന് ദീർഘകാലാടിസ്ഥാനത്തിൽ നിരീക്ഷണം ചെയ്യപ്പെടേണ്ടതുണ്ട്. പ്രോജക്ടുകളുടെ മോണിറ്ററിങ്ങ് നടത്തേണ്ടത് അതാത് വർക്കിങ്ങ് ഗ്രൂപ്പുകളാണ്. മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നല്കേണ്ടത് വർക്കിങ്ങ് ഗ്രൂപ്പുകളുടെ ചുമതലയാണ് .പ്രോജക്ടുകളുടെ നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ വിലയിരുത്തേണ്ടത് അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളൊന്നും തന്നെ കൃത്യമായ മോണിറ്ററിങ്ങിന് വിധേയമാക്കപ്പെട്ടില്ല. പദ്ധതികളുടെ കൃത്യമായ മോണിറ്ററിങ്ങ് നടത്താത്തത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഒരു പദ്ധതിയുടെ പൂർണ്ണ വിജയം എന്നത് ആ പദ്ധതിയിൽ നിന്നും വികസനോന്മുഖമായ എന്ത് മാറ്റങ്ങൾ സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ ഉണ്ടായി എന്നുള്ളതാണ്.അത്തരത്തിലുള്ള നിരീക്ഷണം നടത്തി ജയപരാജയങ്ങൾ നിർണ്ണയിക്കാതെ പദ്ധതിപ്പണം ചെലവഴിക്കുക എന്ന ഉദ്ദേശ്യത്തോടെ മാത്രം പ്രോജക്ടുകൾ നടപ്പാക്കപ്പെടുന്നത് ആശാസ്യമായ നടപടിയല്ല. ഫലപ്രദവും കൃത്യവുമായ മോണിറ്ററിങ്ങ് സംവിധാനം ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല.

ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം.22/2018 ത.സ്വ.ഭ.വ.തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2021-22 വർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം 10,46,715/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കേർപ്പറേഷനിൽ നിന്നുമാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം | തുക, ബിൽ നം. /ചെക്ക് നം. | റിമാർക്സ് |
|---|---|---|
| 13/2021-22 - പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ | 1,89,542/-രൂപ (ബിൽ നം. 13/16.02.2022)<br>3,10,456/-രൂപ (ബിൽ നം. 17/18.03.2022) | 4,99,998/-രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. |
| 4/21-22- സാന്ത്വന പരിചരണം | 1,93,779/-രൂപ (ബിൽ നം. 9/07.01.2022)<br>2,56,679/- രൂപ (ബിൽ നം.12/25.02.2022<br>96,259/- രൂപ (ബിൽ നം. 16/18.03.2022 | 5,46,717/- രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ്. |

മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിനു വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ(ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ മുഴുവൻ മരുന്നുകളും സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേണ സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനു പകരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല. ആയതിന് വിശദീകരണം നല്കേണ്ടതാണ്.

### 1-16 ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിരൂപീകരിച്ചിട്ടുണ്ട്. കേരള ഗ്രാമീണ ബാങ്കിന്റെ ഉദിനൂർ ശാഖയിൽ ഇതിനായി ഒരു അക്കൗണ്ട് (നം 40414100004534) ആരംഭിച്ചിട്ടുണ്ട്. 31.03.2022ന് ഈ അക്കൗണ്ടിൽ 17,734/- രൂപ നിക്ഷേപമായുണ്ട്. ഓഡിറ്റ് വർഷം വരവ് വന്ന 2500രൂപ (റസീത് നം121010105865 തീ.30.03.20220) ദുരിതാശ്വാസ നിധിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടുന്നതിനു പകരം തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്, ഈ തുകയടക്കം ആകെ 20,234 രൂപ ആകെ ബാലൻസുണ്ട്. ദുരിതാശ്വാസ നിധിയിൽനിന്നും ആർക്കും ഇതുവരെ ധനസഹായം നൽകിയിട്ടില്ല. ദുരിതാശ്വാസ നിധി ആരംഭിച്ചതല്ലാതെ, ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. ആയതിനാൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

### 1-17 ആരോഗ്യ മേഖലയിൽ സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 24/21-22 |
| പ്രോജക്ടിന്റെ പേര് | പടന്ന ആയുഷ് ഹോമിയോ പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,ആയുർവേദം |
| അടങ്കൽ | 2,50,000/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് തുക | 2,50,000/- |
| ബിൽ നം, തീയതി | 21200352017901316751 , 14.03.2022 |

ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയിൽ (ഹോമിയോ) മരുന്ന് വാങ്ങുന്നതിനായി വാർഷിക പദ്ധതി 24/21-22 പ്രകാരം 2,50,000/-രൂപ മെഡിക്കൽ ഓഫീസർ കേരള സംസ്ഥാന ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, പാതിരപ്പള്ളി, ആലപ്പുഴക്ക് മുൻകൂറായി കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം. 34306403911). എന്നാൽ ഇൻവോയ്സ് പ്രകാരം ലഭിക്കേണ്ട മരുന്നുകൾ നാളിതുവരെയായി ഡിസ്പെൻസറിക്ക് ലഭ്യമാക്കിയിട്ടില്ല. കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും, മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 2,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-18 ആർജിത അവധി കണക്കിൽ അപാകത.

1. ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരിയായ ശ്രീമതി. സന്ധ്യ.എം, സീനിയർ ക്ലാർക്ക് 16.04.2015 മുതൽ 25.04.2015 വരെയുള്ള 10 ദിവസം ആർജിത അവധിയിലായിരുന്നു (സേവന പുസ്തകം പേജ് നം 21

പ്രകാരം). എന്നാൽ ശ്രീമതി. സന്ധ്യ.എം, സീനിയർ ക്ലാർക്കിന്റെ സേവന പുസ്തകത്തിൽ ഏൺഡ് ലീവ് അക്കൗണ്ടിൽ ( പേജ് നം 112, 113 ) നിന്നും 10 ദിവസം കുറവ് ചെയ്തിട്ടില്ല. ജീവനക്കാരിയുടെ ആർജിത അവധി അക്കൗണ്ടിൽ 21.02.2015 മുതൽ 22.07.2017 വരെയുള്ള ആർജിത അവധി കണക്കാക്കിൽ $79^{9/11}$ ദിവസമാണ് നീക്കിയിരിപ്പായുള്ളത്. ഈ കാലയളവിൽ ജീവനക്കാരിയെടുത്ത 10 ദിവസത്തെ ആർജിത അവധി കണക്കിൽ നിന്നും കുറവ് വരുത്തിയാൽ യഥാർത്ഥത്തിൽ $69^{9/11}$ ദിവസമാണ് ആർജിത അവധി കണക്കാക്കിൽ നീക്കിയിരിപ്പായുണ്ടാവേണ്ടത്. ആയതിനാൽ ശ്രീമതി. സന്ധ്യ.എം, സീനിയർ ക്ലാർക്കിന്റെ ആർജിത അവധിയുടെ കണക്ക് ക്രമീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 20 തിയതി 01.12.2022).

2. ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരനായ ശ്രീ.അജയൻ.എൻ.കെ, അസിസ്റ്റന്റ് സെക്രട്ടറിയുടെ സേവന പുസ്തകത്തിലെ ഏൺഡ് ലീവ് അക്കൗണ്ടിൽ പിശകുണ്ട്. സേവന പുസ്തകത്തിൽ (പേജ് നം 112, 113) 15.07.2004 മുതൽ 31.03.2006 വരെയുള്ള കാലയളവിലെ 652 ദിവസത്തിന് 28/22 ആർജിത അവധിയാണ് അക്കൗണ്ടിൽ കണക്കാക്കിയത്. അതുപോലെ ആർജിത അവധി അക്കൗണ്ടിൽ (പേജ് നം 114, 115) 01.04.2015 മുതൽ 31.08.2015 വരെയുള്ള കാലയളവിലെ 105 ദിവസത്തിന് (153- 48 പരിവർത്തിത അവധി) $42^{9/11}$ ആർജിത അവധിയാണ് അക്കൗണ്ടിൽ കണക്കാക്കിയത്. മേൽ പരാമർശിച്ച അപാകതകൾ കൂടാതെ 13.12.2017 മുതൽ 15.12.2017 വരെയുള്ള 3 ദിവസം ഹാഫ് പേ ലീവിൽ ആയിരുന്നു (സേവന പുസ്തകം പേജ് നം 49 പ്രകാരം). കൂടാതെ 02.07.2018 മുതൽ 07.07.2018 വരെയുള്ള 6 ദിവസം പരിവർത്തിത അവധിയിലായിരുന്നു (സേവന പുസ്തകം പേജ് നം 48 പ്രകാരം). എന്നാൽ ശ്രീ.അജയൻ.എൻ.കെയുടെ സേവന പുസ്തകത്തിൽ ( പേജ് നം 116, 117) 12.08.2017 മുതൽ 31.03.2019 വരെയുള്ള ആർജിത അവധി കണക്കാക്കിയയപ്പോൾ ജീവനക്കാരൻ ഡ്യൂട്ടിയിൽ ഇല്ലാതിരുന്ന 9 ദിവസം കുറവ് ചെയ്തിട്ടില്ല (598/11= $54^{4/11}$). ആയതിനാൽ ജീവനക്കാരന്റെ ആർജിത അവധി അക്കൗണ്ട് പുനപരിശോധിച്ച് ആർജിത അവധിയുടെ കണക്ക് ക്രമീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 21 തിയതി 01.12.2022).

1-19 ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തിയത് അംഗീകാരം വാങ്ങിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ ജോലിചെയ്യുന്ന ചുവടെ പരാമർശിക്കുന്ന ജീവനക്കാരുടെ ശമ്പളം, ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം പുതുക്കിയ ശമ്പള സ്കെയിലിൽ നിർണ്ണയിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | അംഗീകാരം വാങ്ങാനുള്ള ശമ്പള പരിഷ്കരണം |
|---|---|---|---|
| 1 | ശ്രീ.അജയൻ. എൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | ജി. ഒ (പി) നം. 27/2021 /ഫിൻ /തീയതി 10.02.2021 |
| 2 | ശ്രീ.അനിൽകുമാർ. പി.വി. | സീനിയർ ക്ലാർക്ക് | ജി.ഒ (പി) നം. 7/201/ഫിൻ/ തീയതി: 20.01.2016, ജി. ഒ (പി) നം. 27/2021/ഫിൻ/ തീയതി 10.02.2021 . |
| 3 | ശ്രീമതി.റീന ലക്ഷ്മണൻ | അക്കൗണ്ടന്റ് | ജി.ഒ (പി) നം. 85/2011 /ഫിൻ/ തീയതി: 26.02.2011, ജി.ഒ. (പി) നം 7/2016/ഫിൻ/തീയതി: |

| | | | |
|---|---|---|---|
| | | | 20.01.2016, ജി. ഒ (പി) നം 27/2021/ഫിൻ/ തീയതി: 10.02.2021 . |
| 4 | ശ്രീമതി.സന്ധ്യ.എം | സീനിയർ ക്ലാർക്ക് | ജി. ഒ (പി) നം: 27/2021 /ഫിൻ/ തീയതി: 10.02.2021 |
| 5 | ശ്രീമതി.ജ്യോതി ലക്ഷ്മി | ക്ലാർക്ക് | ജി. ഒ (പി) നം. 27/2021 /ഫിൻ/ തീയതി: 10.02.2021 |
| 6 | ശ്രീമതി.രജിത.ടി | ഓഫീസ് അറ്റൻഡന്റ് | ജി. ഒ (പി) നം. 27/2021 /ഫിൻ/ തീയതി: 10.02.2021 |
| 7 | ശ്രീ.സജീവൻ. കെ.വി | ഫുൾ ടൈം ലൈബ്രേറിയൻ | ജി. ഒ (പി) നം. 27/2021 /ഫിൻ/ തീയതി: 10.02.2021 |

ജീവനക്കാരുടെ ശമ്പള നിർണ്ണയം നടത്തിയത്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നുംഅംഗീകാരം വാങ്ങേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.29 തിയതി 02.12.2022).

1-20 വിദ്യാർത്ഥികൾക്ക് മേശയും കസേരയും നല്കിയതിലെ അപാകത(എസ് സി പി)

2021-22 ലെ വാർഷിക പദ്ധതി പ്രകാരം പടന്ന ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ പെട്ട 46 വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്തിരുന്നു. ആയതിന്റെ ചെലവു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
|---|---|
| ഫണ്ട് | വികസന ഫണ്ട് (എസ് .എസ്. പി) |
| ബിൽ നം.തീയതി, തുക | 21200352018001366752 തീയതി 23-03-2022 2,29,984രൂപ |
| പ്രോജക്ട് നം. | 30/22 |
| അടങ്കൽ | 2,30,000 |
| ചെലവ് | 2,29,984 |

2,29,984/-രൂപ 23.03.2022ന് കേരള സിഡ്കോയുടെ 57053702971 നം.അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.മേശയും കസേരയും വിതരണത്തിൽ സംഭവിച്ച അപാകതകൾ ചുവടെ പറയുന്നു. താഴെപ്പറയുന്ന വിദ്യാർത്ഥികളിൽ നിന്നും അവർ ഏതു ക്ലാസ്സിലാണ് പഠിക്കുന്നതെന്ന് തെളിയിക്കുന്ന ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പ്രസ്തുത കുട്ടികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് |
|---|---|
| 1. | ശ്രീലക്ഷ്മി. പി. പി |
| 2. | യദുകൃഷ്ണൻ. സി. |
| 3. | ദീക്ഷിത് .കെ. |

കൂടാതെ മേശയും കസേരയും വിതരണം ചെയ്ത 46 വിദ്യാർത്ഥികളിൽ നിന്നും പട്ടിക ജാതി വികസന വകുപ്പ്,ബ്ലോക്ക്പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രവും, കുട്ടികളെ തെരഞ്ഞെടുത്ത ഗുണഭോക്തൃ പട്ടികയും ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുകയായ 2,29,984/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.04/21-22 തീയതി 30.11.2022).

## 1-21 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ അപാകത(എസ് സി പി)

2021-22 ലെ വാർഷിക പദ്ധതി പ്രകാരം പടന്ന ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ പെട്ട 11 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിരുന്നു. ആയതിന്റെ ചെലവു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| ഫണ്ട് | വികസന ഫണ്ട് (എസ് .എസ് .പി.),തനതുഫണ്ട്. |
| ബിൽ /ചെക്ക് നം.തീയതി,തുക | 212003520180001426428.തീയതി30-03-2022, 3,00,667രൂപ, ചെക്ക്നം.126681 തീയതി 31.03.2022 2,25,086രൂപ |
| പ്രോജക്റ്റ് നം. | 29/22 |
| അടങ്കൽ | 5,36,492 |
| ചെലവ് | 5,25,753 |

ലാപ് ടോപ്പ് വിതരണത്തിൽ സംഭവിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

ജെം(GEM) വഴി സർവൈറ്റ് സിസ്റ്റംസ് കടവന്ത്ര,കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നുമാണ് ലാപ് ടോപ് വാങ്ങിയത്.( ഇൻവോയിസ് നം.എസ്.എസ് 595 തീയതി 19.03.2022) ലാപ് ടോപ്പ് വിതരണം ചെയ്ത 11 വിദ്യാർത്ഥികളിൽ നിന്നും പട്ടിക ജാതി വികസന വകുപ്പ്, ബ്ലോക്ക്പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രവും, വിദ്യാർത്ഥികളെ തെരഞ്ഞടുത്ത ഗുണഭോക്തൃ പട്ടികയും ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. മേൽ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുകയായ 5,25,753 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.03/21-22 തീയതി 30.11.2022).

## 1-22 പഞ്ചായത്ത് ലൈബ്രറി ഡിജിറ്റലൈസേഷൻ-അപാകത

2021-22 ലെ വാർഷിക പദ്ധതി പ്രകാരം പടന്ന ഗ്രാമ പഞ്ചായത്തിലെ പഞ്ചായത്ത് ലൈബ്രറി ഡിജിറ്റലൈസേഷന്റെ ഭാഗമായി ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ. ടി. മിഷന്റെ 799011400003959 നം. അക്കൗണ്ടിൽ 16.09.2021-ന് 30,004 രൂപ നിക്ഷേപിച്ചിട്ടുണ്ട്. ആയതിന്റെ ചെലവു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

| ഫണ്ട് | തനതു ഫണ്ട് |
|---|---|
| ബിൽ നം.തീയതി | ചെക്ക് നം.XY-5090692<br>തീയതി: 16.09.2021 |
| പ്രോജക്ട് നം. | 46/22 |
| അടങ്കൽ | 80,000 |
| ചെലവ് | 30,004 |

CPRCS സംവിധാനം വഴിയാണ് കമ്പ്യൂട്ടർ വാങ്ങിയത്, എന്നാൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയ്സ് (കെൽട്രോൺ) ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇൻവോയ്സ് ഹാജരാക്കുന്നതു വരെ ചെലവു തുകയായ 30,004 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.05/21-22 തീയതി 30.11.2022)

### 1-23 ഓരി തുടർ വിദ്യാകേന്ദ്രത്തിന് ലാപ്പ് ടോപ്പും പ്രിന്ററും നല്കൽ-അപാകത

2021-22 ലെ വാർഷിക പദ്ധതി പ്രകാരം പടന്ന ഗ്രാമ പഞ്ചായത്തിലെ ഓരി തുടർ വിദ്യാകേന്ദ്രത്തിന് ലാപ്പ് ടോപ്പും പ്രിന്ററും വാങ്ങിയിട്ടുണ്ട്. ആയതിന്റെ ചെലവു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
|---|---|
| ഫണ്ട് | തനതു ഫണ്ട് |
| ചെക്ക് നം.തീയതി | ചെക്ക് നം.XY-5090694 തീയതി: 16.09.2021 27,229/-രൂപ<br>ചെക്ക് നം.XY-5090693 തീയതി: 16.09.2021 12,953/-രൂപ |
| പ്രോജക്ട് നം. | 56/22 |
| അടങ്കൽ | 50,000 |
| ചെലവ് | 40,182 |

16-09-2021ന് കേരള സ്റ്റേറ്റ് ഐ. ടി. മിഷന്റെ 799011400003959 നം. അക്കൗണ്ടിൽ യഥാക്രമം 27,229/-രൂപ (ലാപ്പ്ടോപ്പ്) ,12,953രൂപ (പ്രിന്റർ) നിക്ഷേപിച്ചിട്ടുണ്ട്. നാളിതുവരെയായിട്ടും ലാപ്പ്ടോപ്പ് ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ലാപ്പ്ടോപ്പ് ലഭ്യമാക്കേണ്ടതും അതിനു ശേഷം ലാപ്പ്ടോപ്പ്,പ്രിന്റർ എന്നിവ വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയിസ് ഹാജരാക്കുന്നതു വരെ ചെലവു തുകയായ 40,182 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.06/21-22 തീയതി: 30.11.2022)

### 1-24 എസ് എസ് എ വിഹിതം നല്കിയത് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2021-22 വർഷ വാർഷിക പദ്ധതി പ്രകാരം എസ്. എസ് .എ. വിഹിതമിനത്തിൽ ജില്ലാ പ്രോജക്ട് ഓഫീസറുടെ 799012700001794 അക്കൗണ്ട് നമ്പറിൽ 6,50,000/- രൂപ നിക്ഷേപിച്ചിരുന്നു . ആയതിന്റെ ചെലവു സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| ഫണ്ട് | വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം.തീയതി | 212003520180003036I5 തീയതി: 05.08.2021 |
| പ്രോജക്ട് നം. | 25/22 |
| അടങ്കൽ | 6,50,000 |
| ചെലവ് | 6,50,000 |

പ്രസ്തുത തുക നല്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. അതിനാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 6,50,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 07/21-22 തീയ്യതി 30-11-2022)

## 1-25 പടന്ന ഫിഷ് ലാന്റിംഗ് സെന്ററിനായി നിർമ്മിച്ച കെട്ടിടവും അനുബന്ധ സൗകര്യവും പ്രയോജനപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കണം.

പടന്ന ഗ്രാമ പഞ്ചായത്തിലെ തെക്കേക്കാട് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തി 2021-2022 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട് (പ്രൊജക്ട് നം. എസ്.ഒ 138/22). ഇതിനായി 4,17,854/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് (ട്രഷറി ചെക്ക് നം.1108527 തീയ്യതി 19.02.2022). ഈ പദ്ധതി പ്രകാരം നിലവിലുണ്ടായിരുന്ന കെട്ടിടത്തിൽ ടൈൽസ് വിരിക്കുകയും, വശങ്ങളിൽ ഗ്രിൽസ് സ്ഥാപിക്കുകയും, കെട്ടിടത്തിന്റെ മുൻഭാഗത്ത് രണ്ട് റോളിംഗ് ഷട്ടറുകൾ സ്ഥാപിക്കുകയും, കുടിവെള്ള സൗകര്യത്തിനായി ടാങ്ക് സ്ഥാപിക്കൽ, പ്ലമ്പിംഗ് പ്രവൃത്തികൾ, പെയിന്റിംഗ് പ്രവൃത്തി തുടങ്ങിയവ ചെയ്തിട്ടുണ്ട്. കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്.

ഈ പ്രവൃത്തി കൂടാതെ 2021-2022 സാമ്പത്തിക വർഷത്തിൽ തന്നെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഫിഷ് ലാന്റിംഗ് സെന്ററിന്റെ മുൻവശം ഇന്റർലോക്ക് ചെയ്യുന്നതിനായി മറ്റൊരു പദ്ധതിയും നടപ്പാക്കിയിട്ടുണ്ട് (പ്രൊജക്ട് നം. എസ്.ഒ 90/22-തെക്കേകാട് ചിൽഡ്രൻസ് പാർക്ക് നവീകരണം). ഈ പദ്ധതിക്കായി 1,84,570/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് ( ചെക്ക് നം.126684 തീയ്യതി 31.03.2022).

ഓഡിറ്റ് ടീം 02.12.2022 ന് ഫിഷ് ലാന്റിംഗ് സെന്റർ സന്ദർശിക്കുകയുണ്ടായി. മേൽ പരാമർശിച്ച പ്രകാരമുള്ള നവീകരണ പ്രവൃത്തികളും ഇന്റർലോക്ക് പ്രവൃത്തിയും ചെയ്ത കെട്ടിടം അടഞ്ഞുകിടക്കുന്നതായി കാണാൻ കഴിഞ്ഞു. നിലവിൽ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും യാതൊരാവശ്യത്തിനും ഉപയോഗിക്കുന്നില്ല. കെട്ടിടത്തിന്റെ വൈദ്യുതി ചാർജ് പഞ്ചായത്ത് അടക്കുന്നുണ്ട്.

സമയബന്ധിതമായി തുടർ പ്രവർത്തനങ്ങൾ നടത്തിയില്ലെങ്കിൽ ഫിഷ് ലാന്റിംഗ് സെന്റർ കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തിയ്ക്കായി ചെലവഴിച്ച വൻ തുക നിഷ്ക്രിയ ആസ്തിയായി മാറാനും, ഭാവിയിൽ ഇത് ഗ്രാമ പഞ്ചായത്തിന് ബാധ്യതയായി തീരാനും സാധ്യതയുണ്ട് എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. പദ്ധതി വിഭാവനം ചെയ്ത വിധത്തിൽ യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ തുടർനടപടികൾ എത്രയും വേഗത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-26 വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജനം നടത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാൽ ആവശ്യകത കണക്കാക്കാതെ തീരെ ചെറിയ നീളത്തിൽ റോഡ് പ്രവൃത്തി ചെയ്യുന്നു.

2021-2022 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും 5 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികളാണ്. 2 ലക്ഷം, 2.5 ലക്ഷം, 3 ലക്ഷം, 3.5 ലക്ഷം, 4 ലക്ഷം, 4.5 ലക്ഷം എന്നിങ്ങനെയാണ് മിക്ക ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികളുടെയും അടങ്കൽ. ഫണ്ട് അടിസ്ഥാനമാക്കിയാണ് ടാറിംഗ്/റീ ടാറിംഗ് ചെയ്യേണ്ടുന്ന റോഡിന്റെ നീളം നിശ്ചയിക്കുന്നത്.

വളരെ ചെറിയ നീളത്തിലാണ് ചില റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തി ചെയ്തിരിക്കുന്നത്. (ഉദാഹരണം- തെക്കേക്കാട് തീരദേശ ലിങ്ക് റോഡ് ടാറിംഗ് (പ്രൊജക്ട് നം 166/22) പ്രകാരം 30 മീറ്റർ നീളത്തിലാണ് ടാറിംഗ് പ്രവൃത്തി ചെയ്തത്, കാവുന്തല അങ്കണവാടി റോഡ് ടാറിംഗ് (പ്രൊജക്ട് നം 170/22) പ്രകാരം 63 മീറ്റർ നീളത്തിലാണ് ടാറിംഗ് പ്രവൃത്തി ചെയ്തത്, തടിയൻ കൊവ്വൽ - കുഴിച്ചാണം റോഡ് ടാറിംഗ് (പ്രൊജക്ട് നം 127/22) പ്രകാരം 81 മീറ്റർ നീളത്തിലാണ് ടാറിംഗ് പ്രവൃത്തി ചെയ്തത്, ഗണേഷ് മുക്ക് മെയിൻ റോഡ് മുതൽ റോഡ് ടാറിംഗ് (പ്രൊജക്ട് നം 165/22) പ്രകാരം 83 മീറ്റർ നീളത്തിലാണ് ടാറിംഗ് പ്രവൃത്തി ചെയ്തത്).

വാർഷിക പദ്ധതിയിൽ തീരെ ചെറിയ തുക വകയിരുത്തുന്നതിനാൽ റോഡ് പ്രവൃത്തികൾ ഘട്ടം ഘട്ടമായാണ് നടപ്പാക്കുന്നത്. ഫണ്ട് അടിസ്ഥാനമാക്കി റോഡ് പ്രവൃത്തികൾക്കുള്ള പദ്ധതിയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനാൽ ഒരേ സാമ്പത്തികവർഷം തന്നെ ഒരു റോഡിന് രണ്ട് പ്രൊജക്ടുകൾ നടപ്പാക്കുന്നുണ്ട്. 2021-2022 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് പ്രവൃത്തികളിൽ ചുവടെ പരാമർശിക്കുന്നവ രണ്ട് വ്യത്യസ്ഥ പ്രൊജക്ടുകളിലായി നിർവ്വഹണം ചെയ്തവയാണ്.

| പ്രൊജക്ട് നം | പ്രവൃത്തിയുടെ പേര് | അടങ്കൽ |
|---|---|---|
| 84/22 | കൊക്കാകടവ് ലക്ഷം വീട് കോളനി റോഡ് മുതൽ കിഴക്കോട്ട് മാച്ചിക്കാട് ബാലവാടി റോഡ് ടാറിംഗ് പ്രവൃത്തി | 4 ലക്ഷം രൂപ |
| 131/22 | കൊക്കാകടവ് ലക്ഷം വീട് കോളനി റോഡ് മുതൽ കിഴക്കോട്ട് മാച്ചിക്കാട് ബാലവാടി റോഡ് നവീകരണ മൂന്നാം ഘട്ടം | 4.9 ലക്ഷം രൂപ |
| 118/22 | പടന്ന പൊറോട്ട് പച്ചിനായി റോഡ് ടാറിംഗ് പ്രവൃത്തി | 3.5 ലക്ഷം രൂപ |
| 123/22 | പടന്ന പൊറോട്ട് പച്ചിനായി റോഡ് ടാറിംഗ് രണ്ടാ ഘട്ടം പ്രവൃത്തി | 4 ലക്ഷം രൂപ |

ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളെല്ലാം ഭൂരിഭാഗവും സാധാരണ ടെണ്ടർ (പോസ്റ്റൽ ടെണ്ടർ) മുഖേനയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. സാധാരണ ടെണ്ടർ മുഖേന നടപ്പാക്കിയ ഭൂരിഭാഗം പ്രവൃത്തികളിലും മത്സരാധിഷ്ഠിത ടെണ്ടർ നടന്നിട്ടില്ല (മിക്കവാറും പ്രവൃത്തികളുടെയും ടെണ്ടറിൽ 2 വീതം കരാറുകർ മാത്രമാണ് പങ്കെടുക്കുന്നത്). സാധാരണ ടെണ്ടർ മുഖേന നടപ്പാക്കിയ മിക്ക പ്രവൃത്തികളിലും എസ്റ്റിമേറ്റ് നിരക്കിലാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. മേൽ പരാമർശിച്ച റോഡ് ടാറിംഗ് പ്രവൃത്തിയുടെ രണ്ട് പദ്ധതികളും സംയോജിപ്പിച്ച് ഒറ്റ പ്രവൃത്തിയായി നടപ്പാക്കിയിരുന്നെങ്കിൽ പദ്ധതി ഇ-ടെണ്ടർ ചെയ്യാവുന്നതും അതുവഴി ഗ്രാമ പഞ്ചായത്തിന് ഒരു തുക മിച്ചം പിടിക്കാൻ സാധിക്കുമായിരുന്നു.

തീരെ ചെറിയ നീളത്തിലുള്ള ഒരു പ്രവൃത്തിക്കുവേണ്ട നടപടിക്രമങ്ങൾ മറ്റ് പ്രവൃത്തികൾക്ക് തുല്യമാണ്.

ഇപ്രകാരം ചെറിയ നീളത്തിൽ റോഡ് പ്രവൃത്തി ചെയ്യുന്നതു കൊണ്ട് പൊതുജനങ്ങൾക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. വളരെ ചെറിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ കരാറുകാർക്കും പ്രയാസമാണ്. ഫണ്ട് അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി പല വർഷങ്ങളിലായി നടപ്പാക്കുന്നതിനു പകരം ഒരു റോഡ് മൊത്തമായി കണ്ട് ആയതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി പദ്ധതികളുടെ ആവശ്യകത നിർണ്ണയിച്ച് മുൻഗണനാ ക്രമത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

വാർഡ് അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പ്രവണത ഒഴിവാക്കി ഗ്രാമപഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിലാവശ്യമാണ്.

1-27 നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല

2021-22 വർഷ വാർഷിക പദ്ധതി പ്രകാരം പടന്ന ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ നെൽകൃഷിക്ക് കൂലിച്ചെലവ് പ്രകാരം 7,92,000 രൂപ ചെലവഴിച്ചിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ഫണ്ട് | വികസന ഫണ്ട് ,ബ്ലോക്ക് പഞ്ചായത്ത് വിഹിതം,ജില്ലാ പഞ്ചായത്ത് വിഹിതം |
| ബിൽ നം.തീയതി | 1)21200352017600604227 തീയതി 03-11-2022 4,00,000 രൂപ 2)21200352017600640480 തീയതി 11-11-2022 1,96,000 രൂപ 3)21200352017600639895 തീയതി 11-11-2022 1,96,000 രൂപ |
| പ്രോജക്ട് നം. | 45/22 |
| അടങ്കൽ | 7,92,000 |
| ചെലവ് | 7,92,000 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ. തീയതി: 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1)സബ്സിഡി മാർഗ്ഗരേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധനാ റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി,കൃഷിച്ചെലവ് അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം

സൂക്ഷിച്ചിട്ടില്ല.

2)വ്യക്തിഗത അപേക്ഷകളിൽ വർക്കിങ് ഗ്രൂപ്പ് കൺവീനർ,ചെയർമാൻ,ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)നടീൽ, കൊയ്ത്ത്/വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .(ഓഡിറ്റ് എൻക്വയറി നമ്പർ. 15/21-22 തീയ്യതി :01-12-2022)

1-28 ഭവനിർമ്മാണം പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.

ലൈഫ് ഭവന പദ്ധതി പ്രകാരം ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവ നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | ഇതുവരെ കൈപ്പറ്റിയ തുക | നല്കാൻ ബാക്കിയുള്ള തുക | വീടിന്റെ ഇപ്പോഴത്തെ സ്റ്റേജ് | പ്രോജക്റ്റ് നം. |
|---|---|---|---|---|---|---|
| 1 | ചന്ദ്രിക. ടി | 4,00,000 | 3,00,000 | 1,00,000 | ഭിത്തി | 154/22 |
| 2 | രേഷ്മ .പി | 4,00,000 | 2,00,000 | 2,00,000 | ഭിത്തി | 154/22 |
| 3 | ബീഫാത്തിമ .പി .എം | 4,00,000 | 3,00,000 | 1,00,000 | ഭിത്തി | 153/22 |
| 4 | ശ്യാമള .എ | 4,00,000 | 40,000 | 3,60,000 | തുടങ്ങിയിട്ടില്ല | 153/22 |
| 5 | നസീമ .എൻ. പി | 4,00,000 | 2,00,000 | 2,00,000 | ഭിത്തി | 153/22 |
| 6 | ഗിരീഷ് .പി | 4,00,000 | 40,000 | 3,60,000 | തറ | 68/22 |
| 7 | മിനിത. എം | 4,00,000 | 2,77,443 | 1,22,557 | മേൽക്കൂര | 68/22 |
| 8 | രമ്യ സി | 4,00,000 | 2,00,000 | 2,00,000 | ഭിത്തി | 68/22 |
| 9 | സുമ | 4,00,000 | 3,00,000 | 1,00,000 | മേൽക്കൂര | 68/22 |
| 10 | ബീന .പി | 4,00,000 | 40,000 | 3,60,000 | തുടങ്ങിയിട്ടില്ല | 68/22 |
| 11 | മനീഷ് .കെ | 4,00,000 | 3,00,000 | 1,00,000 | മേൽക്കൂര | 68/22 |
| 12 | സുനിത. പി | 4,00,000 | 40,000 | 3,60,000 | തുടങ്ങിയിട്ടില്ല | 68/22 |
| 13 | രാജേഷ് .യു | 4,00,000 | 3,40,000 | 60,000 | മേൽക്കൂര | 68/22 |
| 14 | കവിത | 4,00,000 | 2,40,000 | 1,60,000 | ഭിത്തി | 68/22 |
| 15 | സൗമ്യ .എം | 4,00,000 | 2,40,000 | 1,60,000 | ഭിത്തി | 68/22 |
| 16 | ശാന്തി പ്രമോദ് | 4,00,000 | 3,40,000 | 60,000 | മേൽക്കൂര | 68/22 |
| 17 | ഷജ്ഞഷ .ടി | 4,00,000 | 40,000 | 3,60,000 | മേൽക്കൂര | 68/22 |
| 18 | സുജയ കെ | 4,00,000 | 3,00,000 | 1,00,000 | തുടങ്ങിയിട്ടില്ല | 68/22 |
| 19 | ജയേഷ് .കെ | 4,00,000 | 2,00,000 | 2,00,000 | ഭിത്തി | 68/22 |
| 20 | ഷൈമ .സി. കെ | 4,00,000 | 40,000 | 3,60,000 | തറ | 68/22 |

| | | | | | | |
|---|---|---|---|---|---|---|
| 21 | രമ്യ .ടി | 4,00,000 | 40,000 | 3,60,000 | തറ | 68/22 |
| 22 | പുഷ്പ .കെ | 4,00,000 | 40,000 | 3,60,000 | തുടങ്ങിയിട്ടില്ല | 68/22 |
| 23 | ശ്രുതി .വി | 4,00,000 | 2,00,000 | 2,00,000 | ഭിത്തി | 239/22 |

മേൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-29 കറവപ്പശു വളർത്തൽ വനിത- ആനുകൂല്യം നല്കിയതും മറ്റ് അപാകതകളും.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S0 028/22 – കറവപ്പശു വളർത്തൽ വനിത |
| അടങ്കൽ തുക | 12,00,000/- (300000/-വികസന ഫണ്ട്-ജനറൽ + 300000/-തനത് ഫണ്ട്+600000/-ഗുണഭോക്തൃവിഹിതം) |
| ആകെ ചെലവ് തുക | 6,60,000/- (300000/-വികസന ഫണ്ട്-ജനറൽ + 30000/-തനത് ഫണ്ട് + 330000/-ഗുണഭോക്തൃവിഹിതം) |
| ചെലവ്<br>6,60,000 | ബിൽ നം 8/30-11-2021 ₹1,20,000<br>ബിൽ നം 11/28-12-2021 ₹30,000<br>ബിൽ നം 13/14-02-2022 -₹ 90,000<br>ബിൽ നം 19/25-03-2022 -₹ 60,000<br>ചെക്ക് നം.126660/ 24-03-2022- ₹ 30,000<br>ഗുണഭോക്തൃവിഹിതം - ₹ 3,30,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ പശുവിനെ വാങ്ങിയതിന് 60,000/-രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കിയാണ് 50% ആയ 30,000/- രൂപ സബ്സിഡി തുക അനുവദിച്ചിരിക്കുന്നത്. പ്രോജക്ട് പ്രകാരം 11 ഗുണഭോക്താക്കൾക്ക് പശുക്കളെ വാങ്ങുന്നതിന് ഗുണഭോക്തൃവിഹിതമടക്കം ₹6,60,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്നവയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

1).ഗ്രാമപഞ്ചായത്തിന്റെ 25/09/21 ലെ 1/1 തീരുമാന പ്രകാരം (ഫയൽ നം.SC-1-11/21) മേൽ ഗുണഭോക്താക്കളെ അംഗീകരിച്ച് കൊണ്ട് കമ്മിറ്റി തീരുമാനിച്ചുവെങ്കിലും ടി ഗുണഭോക്താക്കളെ ഗ്രാമസഭയിൽ ഉൾപ്പെടുത്തി അംഗീകരിച്ചതായി കാണുന്നില്ല.

2).ഗ്രാമപഞ്ചായത്തിന്റെ 25/09/21 ലെ 1/1 തീരുമാന പ്രകാരം നല്കിയ പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ 18 പേരുണ്ട്. ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം പാലിക്കാതെയാണ് ആനുകൂല്യം അനുവദിച്ചത്. പദ്ധതി മാർഗ്ഗരേഖയിലെ ( ജി.ഒ.(പി)/11/2018/ത.സ്വ.ഭ.വ. തീയതി 29-01-2018 11-3 (15) ) പ്രകാരം മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്തുന്ന സംഗതിയിൽ ഗ്രാമസഭയുടെ സാധൂകരണം തേടണമെന്ന നിർദ്ദേശം പാലിക്കാതെയാണ് മുൻഗണനാക്രമം മാറ്റിയത്. ലിസ്റ്റിൽ ആദ്യമുള്ളവരെ പദ്ധതിയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമല്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ തീയതി തുക | ഗുണഭോക്തൃലിസ്റ്റ് ക്രമ നമ്പർ |
|---|---|---|---|
| 1 | റുഖിയ വി.കെ | 8/30-11-2021 ₹1,20,000 | 2 |
| 2 | വനജ കെ | | 8 |
| 3 | അഫ്സത്ത് വി.കെ | | 3 |
| 4 | കൗലത്ത് എ.വി | | 4 |
| 5 | ആയിഷ എൻ.കെ | 11/28-12-2021 ₹30,000 | 5 |
| 6 | ശ്രീജ എം.വി | 13/14-02-2022 ₹90,000 | 1 |
| 7 | കുഞ്ഞായിഷ ഏ.ബി | | 13 |
| 8 | കെ.പി ലക്ഷ്മി | | 18 |
| 9 | കെ.പി നാരായണൻ | 19/25-03-2022 ₹60,000 | 16 |
| 10 | ലജിത പി | | 17 |
| 11 | നൂർജഹാൻ | ചെക്ക് നം.126660/ 24-03-2022 ₹30,000 | 11 |

3).കറവപ്പശു വളർത്തൽ വനിത എന്ന പേരിലുള്ള മേൽ പ്രൊജക്ടിൽ വനിതയല്ലാത്തയാൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. കെ.പി. നാരായണൻ എന്നയാൾക്ക് ആനുകൂല്യം അനുവദിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. ഈ റിപ്പോർട്ട് ലഭിച്ചതിനു ശേഷം രണ്ട് മാസത്തിനകം സമർപ്പിക്കേണ്ട പ്രഥമ മറുപടിയോടൊപ്പം കെ.പി. നാരായണൻ എന്നയാൾക്ക് ആനുകൂല്യം നല്കിയതിന്റെ കാരണം രേഖകൾ സഹിതം വിശദീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ കെ.പി നാരായണൻ എന്നവർക്ക് സബ്സിഡി നല്കുന്നതിനു വേണ്ടി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 30,000 രൂപയുടെ ചെലവ് നിരാകരിക്കുന്നതാണ്.

4).ഈ പദ്ധതിയിൽ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ (2017-22) ആദ്യ വർഷം തന്നെ(2017-18) സബ്സിഡി ആനുകൂല്യം നല്കിയ വി.കെ.റുഖിയ, ഓരിമുക്ക് എന്ന ഗുണഭോക്താവിന് പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിൽ തന്നെ വീണ്ടും പശുവളർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി സബ്സിഡി അനുവദിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിലെ ഭാഗം 3(1) ആയി ചേർത്തിട്ടുണ്ട്.

മേൽ അപാകതകൾ എല്ലാം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.23തീയ്യതി 01-12-2022, നം-26തീയ്യതി01-12-2022) മറുപടി ലഭിച്ചിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും പദ്ധതി നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗരേഖ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-30 വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ പദ്ധതി നടത്തിപ്പിലെ അപാകത.

| പ്രൊജക്ട് | വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ-ജനറൽ (77/2021-22) | വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ-എസ്.സി.പി (89/2021-22) |
|---|---|---|
| അടങ്കൽ | ₹ 3,00,000/- (വികസന ഫണ്ട്) | ₹ 73,200/- (വികസന ഫണ്ട് Scp) |
| ചെലവ്- | ₹ 3,00,000/- (വികസന ഫണ്ട്) | ₹ 73,200/- (വികസന ഫണ്ട് Scp) |
| ബിൽനമ്പർ | ബില്ല് നം.3/ തീ.26.10.2021 | ബില്ല് നം.4/ തീ.26.10.2021 |
| | നിർവഹണം | വെറ്ററിനറി സർജൻ |

മേൽ വിവരിച്ച രണ്ട് പദ്ധതി പ്രകാരവും ഒരു ഗുണഭോക്താവിന് 5 കോഴിക്കുഞ്ഞുങ്ങളെ വീതം 100% സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്. രേവതി എഗ്ഗർ നേഴ്സറി എന്ന സ്ഥാപനത്തിൽ നിന്നുമാണ് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയത്. രണ്ട് പ്രൊജക്ടുകളിലുമായി ആകെ 3110 (2500+610) എണ്ണമാണ് വിതരണം ചെയ്തത്. എന്നാൽ കോഴിക്കുഞ്ഞുങ്ങൾ എത്ര ദിവസം പ്രായമായവയാണെന്നും വാക്സിനേറ്റ് ചെയ്തവയാണോയെന്നും വ്യക്തമല്ല. കോഴിക്കുഞ്ഞുങ്ങളെ വാക്സിനേറ്റ് ചെയ്തതായുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഒരു കോഴിക്കുഞ്ഞിന് 120/- രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. സുഭിക്ഷകേരളം പദ്ധതി പ്രകാരം (സ.ഉ(സാധ)1009/20/29.5.20) സ്വന്തമായി കൂട് സ്ഥാപിച്ചവർക്ക് 5 കോഴിക്കുഞ്ഞുങ്ങളുടെ യൂണിറ്റ് അല്ലെങ്കിൽ 5-ന്റെ ഗുണിതങ്ങളായി പരമാവധി 25 കോഴിക്കുഞ്ഞുങ്ങളെ നൽകുന്നതിനുള്ള നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 45-60 ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെയാണ് നൽകാവുന്നത്. പദ്ധതിക്കായി രേവതി എഗ്ഗർ നേഴ്സറിയെ തിരഞ്ഞെടുത്തത് എപ്രകാരമാണെന്ന് വ്യക്തമല്ല. ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളില്ല. രേവതി എഗ്ഗർ നേഴ്സറിയിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് ഭരണസമിതി തീരുമാനം എടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. കൂടാതെ 2020-21 സാമ്പത്തിക വർഷം പദ്ധതി ആനുകൂല്യമായി അഞ്ച് വീതം കോഴിക്കുഞ്ഞുങ്ങളെ നല്കിയവർക്ക് തന്നെ ഓഡിറ്റ് വർഷവും കോഴിക്കുഞ്ഞുങ്ങളെ നല്കിയതായും കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23തീയ്യതി 01-12-2022) മറുപടി ലഭിച്ചില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ഇരു പ്രൊജക്ടുകളിലുമായി ചെലവഴിച്ച 3,73,200/- രൂപയുടെ (3,00,000 + 73,200) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 അങ്കണവാടി പോഷകാഹാര വിതരണം- ഉത്തരവിന് വിരുദ്ധമായി ജി.എസ്.ടി ഈടാക്കി.

| പ്രോജക്ടിന്റെ പേര് | അങ്കണവാടി പൂരക പോഷകാഹാര പരിപാടി. |
|---|---|
| പ്രോജക്ട് നമ്പർ | 19/2021-22 |
| അടങ്കൽ | 26,00,000/- |
| ചെലവ് | 24,64,522/- |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ ഭക്ഷ്യധാന്യം വിതരണം ചെയ്തത് Suplyco മാവേലി സ്റ്റോർ, ഉദിനൂർ എന്ന സ്ഥാപനമാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം. 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ പടന്ന ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പോഷകാഹാര വിതരണപദ്ധതിയിലെ ഭക്ഷണസാധനങ്ങളുടെ ബില്ല് പരിശോധിച്ചതിൽ ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി ഈടാക്കിയതായി

കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ബിൽ നം/ വൗച്ചർ നം | സാധനങ്ങളുടെ ഇൻവോയ്സ് നമ്പർ | ജി.എസ്.ടി. |
|---|---|---|---|
| 1 | ബില്ല് നം. 02/തീ.21.08.2021 പ്രകാരമുള്ള 3,70,283 രൂപയിലെ ചെലവുകൾ | 2,67,673രൂപ (Invoice No.HO.1402113/21382 തീ.28.07.2021 | 9,328 |
| 2 | ബില്ല് നം. 08/തീ.06.01.22 പ്രകാരമുള്ള 2,52,758 രൂപ + ചെക്ക് നം-XY 6835929/ തീ.10.1.2022 പ്രകാരമുള്ള 11,749 രൂപയിലെ 4,063 രൂപയുടെ ചെലവ് | 2,56,821രൂപ (Invoice No HO.1402113/21721 തീ.24.11.2021 | 9,275 |
| 3 | ചെക്ക് നം-126596/ തീ.11.03.2022 പ്രകാരമുള്ള 3,05,367 രൂപ | 3,05,367 രൂപ (Invoice No. HO.1402113/21768 തീ.22.12.2021 | 10,220 |
| 4 | ചെക്ക് നം-126622/ തീ.19.03.2022 പ്രകാരമുള്ള 3,01,496 രൂപയിലെ ചെലവുകൾ | 2,78,366 രൂപ (Invoice No. HO.1402113/21838 തീ.28.02.2022 | 9,429 |
| ആകെ | | | 38,252രൂപ |

ബില്ലിൽ ജി.എസ്.ടി. ഇനത്തിൽ വിലയ്ക്കൊപ്പം ഈടാക്കിയിരിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. ഈടാക്കിയ ജി.എസ്.ടി ഒടുക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്, കൂടാതെ ജി.എസ്.ടി തുക സർക്കാരിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-14തീയ്യതി 30-11-2022).

1-32 പട്ടികജാതി കോളനി- തെരുവ് വിളക്ക് ലൈൻ വലിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.72/22

1 -അടങ്കൽ 2,00,000/-രൂപ .(എസ്.സി.പി.)

ചെലവ് - 2,00,000/-രൂപ

2.- അടങ്കൽ - 199808/-രൂപ ( തനത് ഫണ്ട് )

ചെലവ് - 192527/-രൂപ

പടന്ന ഗ്രാമപഞ്ചായത്തിലെ 2 എസ്.സി കോളനികളിൽ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് തൃക്കരിപ്പൂർ, പടന്ന സെക്ഷനുകൾ ഡെപ്പോസിറ്റ് പ്രവർത്തിയായാണ് പദ്ധതി നടപ്പിലാക്കുന്നത്.

1.കേരള സംസ്ഥാന വൈദ്യുതി ബോർഡ് തൃക്കരിപ്പൂർ സെക്ഷൻ

തൃക്കരിപ്പൂർ സെക്ഷൻ വഴി നടത്തുന്ന പ്രവർത്തിക്ക് അസി.എഞ്ചിനീയർ ഡിമാന്റ് നോട്ടീസ് നം.DB-5/PPS/TRI-GP/2021-22/193/Dt.4.3.2022 പ്രകാരം ആകെ 1,96,623/-രൂപ ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വൗച്ചർ നം.20/2021-22/7.3.2022 പ്രകാരം ഈ തുക അസി.എഞ്ചിനീയർ കേരള സംസ്ഥാന വൈദ്യുതി ബോർഡ് തൃക്കരിപ്പൂരിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപം നടത്തി. അക്കൗണ്ട് നം.57039775619/SBI.

2.കേരള സംസ്ഥാന വൈദ്യുതി ബോർഡ് പടന്ന സെക്ഷൻ

പടന്ന സെക്ഷൻ വഴി നടത്തുന്ന പ്രവർത്തിക്ക് അസി.എഞ്ചിനീയർ ഡിമാന്റ് നോട്ടീസ് നം.DB-02/21-22 /AE/ES/PDN-155/Dt.5.3.2022 പ്രകാരം ആകെ 15,904/-രൂപ ഡെപ്പോസിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വൗച്ചർ നം.20/2021-22/7.3.2022 പ്രകാരം 3377/-രൂപയും,വൗച്ചർ നം.22/2021-22/14.3.2022 പ്രകാരം 1,92,527/-രൂപയും ചേർത്ത് ആകെ 1,95,904/-രൂപ അസി.എഞ്ചിനീയർ കേരള സംസ്ഥാന വൈദ്യുതി ബോർഡ് പടന്നയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപം നടത്തി. അക്കൗണ്ട് നം.67033196995/SBI.

ഈ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് വൈദ്യുതി ബോർഡ് സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റ്, ഭരണസമിതി അംഗീകാരം നൽകിയത്, വൈദ്യുതി ബോർഡുമായി ഒപ്പുവെച്ച കരാർ, പദ്ധതി പൂർത്തീകരിച്ചത് സംബന്ധമായ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ പട്ടികജാതി കോളനിയിലെ വീടുകൾക്ക് തന്നെയാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് എന്നതിന് അടിസ്ഥാനമായി ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ലഭ്യമാക്കിയ സോഷ്യൽ മാപ്പും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 3,92,527/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം .17/01.12.2022 )

1-33 വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി-പട്ടികജാതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.100/22

അടങ്കൽ - 1,03,500/-രൂപ (എസ്.സി.പി)

ചെലവ് - 98,681/-രൂപ

പട്ടികജാതിയിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകാനുള്ള ഈ പദ്ധതി പ്രകാരം ആകെ 23 ഗുണഭോക്താക്കൾക്ക് കട്ടിൽ നൽകിയിട്ടുണ്ട്. പദ്ധതിക്കായി കട്ടിലുകൾ സിഡ്കോ കാസറഗോഡിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തത്. കത്ത് നം.AS-01/2021/തിയ്യതി-31.12.2021 പ്രകാരം ജനറൽ മാനേജർ, സിഡ്കോയ്ക്ക് സപ്ലൈ ഓർഡർ നൽകി.ഇൻവോയ്സ് നം.KSGD/21-22/87/തിയ്യതി-19.1.2022 പ്രകാരം സിഡ്കോ കാസറഗോഡ് 23 കട്ടിലുകൾ വിതരണം ചെയ്തു .(Hard Wood Cot 198x90x60/50cm

With 8mm Plywood Top) 98681/-ഇൻവോയ്സ് തുക. വൗച്ചർ നം.16/2021-22/5.2.2022 പ്രകാരം തുക സിഡ്കോയ്ക്ക് നൽകി.അക്കൗണ്ട് നം.57053702971/SBI.ഇവ താഴെപ്പറയും പ്രകാരം വിതരണം ചെയ്തു.

| ക്രമ നം. | ഗുണഭോക്താവ് |
|---|---|
| 1 | ശ്രീധരൻ.കെ, കൊണ്ണക്കുടിയൻ ഹൗസ്, കാവുന്തല |
| 2 | രമണൻ.ഇ, കാവുന്തല, പടന്ന |
| 3 | സരോജിനി.കെ, കൈപ്പാട്, പടന്ന |
| 4 | അമ്പു.എ എടച്ചാക്കൈ, ഉദിനൂർ |
| 5 | തമ്പായി.എ, തോട്ടുകര, എടച്ചാക്കൈ |
| 6 | വിജയൻ.കെ, മാച്ചിക്കാട്,എടച്ചാക്കൈ |
| 7 | ലക്ഷ്മി.യു, വടക്കേപ്പുറം, പടന്ന |
| 8 | ഗോപാലൻ.ഇ, കൈപ്പാട് , പടന്ന |
| 9 | ദാമോദരൻ.ടി, കാന്തിലോട്ട്, പടന്ന |
| 10 | ജാനു.പി, മുള്ളോട്ട്കടവ് , ഉദിനൂർ |
| 11 | നാരായണി.വി, മാച്ചിക്കാട്, എടച്ചാക്കൈ |
| 12 | ഗോപിനാഥൻ.കെ, മാച്ചിക്കാട്, ഉദിനൂർ |
| 13 | കുഞ്ഞമ്പു.കെ, മുതിരക്കൊവ്വൽ, എടച്ചാക്കൈ |
| 14 | സരോജിനി.ഇ, മാച്ചിക്കാട്, എടച്ചാക്കൈ |
| 15 | കുഞ്ഞമ്പു.പി, കാന്തിലോട്ട്, പടന്ന |
| 16 | അശോകൻ.പി, കാന്തിലോട്ട്, പടന്ന |
| 17 | കുഞ്ഞിക്കണ്ണൻ.എം,കാന്തിലോട്ട്, പടന്ന |
| 18 | ജാനകി.പി, കാന്തിലോട്ട്, പടന്ന |
| 19 | കണ്ണൻ.ഇ.പി, വണ്ണാത്തൻവളപ്പ്, പടന്ന |

| | |
|---|---|
| 20 | ഗോപാലൻ.പി, മുതിരക്കൊവ്വൽ,എടച്ചാക്കൈ |
| 21 | തമ്പായി.എം, മുതിരക്കൊവ്വൽ,എടച്ചാക്കൈ |
| 22 | ഭാസ്കരൻ.എ.ടി, കാന്തിലോട്ട്, പടന്ന |
| 23 | ലക്ഷ്മണൻ.പി,കാന്തിലോട്ട്, പടന്ന |

കട്ടിൽ നൽകിയ ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന 8 ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് |
|---|---|
| 3 | സരോജിനി.കെ, കൈപ്പാട്, പടന്ന |
| 7 | ലക്ഷ്മി.യു, വടക്കേപ്പുറം, പടന്ന |
| 9 | ദാമോദരൻ.ടി, കാന്തിലോട്ട്, പടന്ന |
| 15 | കുഞ്ഞമ്പു.പി, കാന്തിലോട്ട്, പടന്ന |
| 17 | കുഞ്ഞിക്കണ്ണൻ.എം,കാന്തിലോട്ട്, പടന്ന |
| 18 | ജാനകി.പി, കാന്തിലോട്ട്, പടന്ന |
| 21 | തമ്പായി.എം, മുതിരക്കൊവ്വൽ,എടച്ചാക്കൈ |
| 22 | ഭാസ്കരൻ.എ.ടി, കാന്തിലോട്ട്, പടന്ന |

ഈ ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം .18/01.12.2022)

## 1-34 ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.109/22

അടങ്കൽ - 14,86,950/-രൂപ - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 14,77,482/-രൂപ

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഡെപ്പോസിറ്റ് പ്രവർത്തിയായാണ് പദ്ധതി നടപ്പിലാക്കിയത്.

1.വൗച്ചർ നം.22101282/21.3.2022 - 87084/- രൂപ

കേരള സംസ്ഥാന വൈദ്യുതി ബോർഡ് പിലിക്കോട് സെക്ഷൻ ആണ് പ്രവർത്തി നടത്തുന്നത്. ഡിമാന്റ് നോട്ടീസ് നം.DB/Demand Note Work/2021-22/141/Dt.9.2.2022 പ്രകാരം ആകെ 87,084/-രൂപ ഒടുക്കുവാൻ ആവശ്യപ്പെട്ടു. മേൽ വൗച്ചർ പ്രകാരം തുക വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചു. അക്കൗണ്ട് നം.67033196928/SBI.

2.വൗച്ചർ നം.22101418/31.3.2022 - 397521/- രൂപ

കേരള സംസ്ഥാന വൈദ്യുതി ബോർഡ് തൃക്കരിപ്പൂർ സെക്ഷൻ ആണ് പ്രവർത്തി നടത്തുന്നത്. ഡിമാന്റ് നോട്ടീസ് നം.DB-5/PPS/PAD-GP/2021-22/197/Dt.21.3.2022 പ്രകാരം ആകെ 397521/-രൂപ ഒടുക്കുവാൻ ആവശ്യപ്പെട്ടു. മേൽ വൗച്ചർ പ്രകാരം തുക വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചു. അക്കൗണ്ട്

നം.57039775619/SBI.

3.വൗച്ചർ നം.22101419/31.3.2022 - 992877/- രൂപ

കേരള സംസ്ഥാന വൈദ്യുതി ബോർഡ് പടന്ന സെക്ഷൻ ആണ് പ്രവർത്തി നടത്തുന്നത്. ഡിമാന്റ് നോട്ടീസ് നം.DB/Street Light/2021-22/170/Dt.22.3.2022 പ്രകാരം ആകെ 992877/-രൂപ ഒടുക്കുവാൻ ആവശ്യപ്പെട്ടു. മേൽ വൗച്ചർ പ്രകാരം തുക വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചു. അക്കൗണ്ട് നം.67033196955/SBI.

ഈ 3 പ്രവർത്തികളും നടത്തുന്നതിന് വൈദ്യുതി ബോർഡ് പിലിക്കോട്, തൃക്കരിപ്പൂർ,പടന്ന സെക്ഷനുകൾ സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റുകൾ, ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ, കരാർ, പ്രവർത്തി പൂർത്തീകരിച്ചത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 14,77,482/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം .10/30.11.2022 )

1-35 ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ LED ലൈറ്റ് സെറ്റ് സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.112/22

അടങ്കൽ - 3,86,100/-രൂപ - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 3,78,000/-രൂപ

വൗച്ചർ നം.22101427/31.3.2022 - 3,78,000/-രൂപ

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ LED സ്ട്രീറ്റ് ലൈറ്റ് സെറ്റ് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും മലബാർ ഏജൻസീസ് ബേക്കൽ എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ തുകയുടെ ടെണ്ടർ അംഗീകരിച്ച് പ്രവർത്തി അവർക്ക് നൽകുകയും ചെയ്തു. ഭരണസമിതി തീരുമാനം നം.1(1)/തിയ്യതി-6.12.2021.എന്നാൽ മലബാർ ഏജൻസീസ് ബേക്കൽ എന്ന സ്ഥാപനം സാധനങ്ങൾ വിതരണം ചെയ്യാത്തതിനാൽ അവരെ ഒഴിവാക്കുകയും സെക്കന്റ് ലോവസ്റ്റ് ആയ ടോട്ടൽ എനർജി സൊലൂഷൻസ്, കോഴിക്കോട് എന്ന സ്ഥാപനത്തിനെ തെരെഞ്ഞെടുക്കുകയും ചെയ്തു. തുക LED സ്ട്രീറ്റ് ലൈറ്റ് സെറ്റ് ഒന്നിന് 1440/-രൂപ. (ഭരണസമിതി തീരുമാനം നം.1(2)/തിയ്യതി-5.3.2022.) 7.3.2022-ന് കത്ത് നം.ബി-11/22 പ്രകാരം ഈ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി. ആകെ 270 എണ്ണം ആണ് വിതരണം ചെയ്യേണ്ടത്. (LED Light Fittings, 18 Watt With Installation ) ഇൻവോയ്സ് നം.B2B/3 /Dt.17.3.2022 പ്രകാരം ആകെ 270 എണ്ണം LED സ്ട്രീറ്റ് ലൈറ്റ് സെറ്റ് സ്ഥാപനം വിതരണം ചെയ്തു. വൗച്ചർ നം.22101427/31.3.2022 പ്രകാരം 3,78,000/-രൂപ സ്ഥാപനത്തിന് കൈമാറി. ഇവ താഴെപ്പറയും പ്രകാരം സ്ഥാപിച്ചതായി വിവിധ വാർഡ് മെമ്പർമാർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

| വാർഡ് നം. | എണ്ണം |
|---|---|
| 1 | 18 |
| 2 | 18 |
| 3 | 18 |
| 4 | 18 |
| 5 | 18 |
| 6 | 18 |
| 7 | 18 |
| 8 | 18 |
| 9 | 18 |

| | |
|---|---|
| 10 | 18 |
| 11 | 18 |
| 12 | 18 |
| 13 | 18 |
| 14 | 18 |
| 15 | 18 |
| ആകെ | 270 |

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1.LED Light Fittings, 18 Watt With Installation എന്നാണ് പദ്ധതി-ഇൻസ്റ്റലേഷൻ/പദ്ധതി പൂർത്തീകരണം സംബന്ധിച്ച് പ്രവർത്തി ഏറ്റെടുത്ത സ്ഥാപനത്തിന്റെ വൈദ്യുതി പോസ്റ്റ് നമ്പർ സഹിതമുള്ള സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ഇൻസ്റ്റലേഷൻ/പദ്ധതി പൂർത്തീകരണം സംബന്ധിച്ച് ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമാണ് രേഖയായി ഹാജരാക്കിയിട്ടുള്ളത്. ഇതിൽ പലതിലും വീട്ടുകാരുടെ പേര്, സ്ഥലപ്പേര് എന്നിവയാണ് രേഖപ്പെടുത്തിയത്, വൈദ്യുതി പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

3.വൈദ്യുതി ബോർഡിന്റെ അനുമതിയോടെ മാത്രമെ ഈ പ്രവർത്തി നടത്താൻ കഴിയൂ, അനുമതി വാങ്ങിയിരുന്നുവോ,സൂപ്പർവിഷൻ ചാർജ്ജ് നൽകിയിരുന്നുവോ എന്ന് വിശദീകരിച്ചിട്ടില്ല.

4.വാർഡ് നം.4,15 എന്നിവയുടെ വാർഡ് മെമ്പറുടെ സാക്ഷ്യപത്രവും ഇല്ല. വെള്ള പേപ്പറിൽ 18 എണ്ണം എഴുതിയതു മാത്രമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/30.11.2022) മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുകയായ 3,78,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

### 1-36 ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.144/22

അടങ്കൽ - 109778/-രൂപ - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് - 105964/-രൂപ

വൗച്ചർ നം.22101122/22.1.2022- 105964/-രൂപ

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഡെപ്പോസിറ്റ് പ്രവർത്തിയായാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് തൃക്കരിപ്പൂർ സെക്ഷൻ ആണ് പ്രവർത്തി നടത്തുന്നത്. അസി.എഞ്ചിനീയർ,വൈദ്യുതി ബോർഡ് തൃക്കരിപ്പൂർ സെക്ഷൻ ഡിമാന്റ് നോട്ടീസ് നം.DB-5/PPS/TRI-GP/2021-22/176/Dt.22.1.2022 പ്രകാരം ആകെ 1,05,964/-രൂപ ഒടുക്കുവാൻ ആവശ്യപ്പെട്ടു. മേൽ വൗച്ചർ പ്രകാരം തുക വൈദ്യുതി ബോർഡിൽ നിക്ഷേപിച്ചു. അക്കൗണ്ട് നം.57039775619/SBI.

ഈ പ്രവർത്തി നടത്തിയതിന് വൈദ്യുതി ബോർഡ് തൃക്കരിപ്പൂർ സെക്ഷൻ സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റ്, ഭരണസമിതി അംഗീകാരം നൽകിയത്, കരാർ, പ്രവർത്തി പൂർത്തീകരിച്ചത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 1,05,964/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.22/01.12.2022)

### 1-37 പദ്ധതി ഗുണഭോക്താക്കളെ ഗ്രാമസഭകളിലൂടെ തെരഞ്ഞെടുക്കാത്തതും മറ്റ് അപാകതകളും

പഞ്ചവൽസര പദ്ധതി പ്രകാരം 2017-22 കാലയളവിലേക്കുള്ള ദീർഘകാല പദ്ധതിയുടെ

അടിസ്ഥാനത്തിലാവണം ജനകീയാസൂത്രണ പദ്ധതികളുടെ പ്രവർത്തനങ്ങൾ. അഞ്ചു വർഷത്തേക്കുള്ള പദ്ധതികൾക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും, വർഷം തിരിച്ചും, മുൻഗണന അനുസരിച്ചും, മേഖല തിരിച്ചും തയ്യാറാക്കണം. ഇതിനായി വിവിധ ഘട്ടങ്ങളിലെ സമയക്രമവും സർക്കാർ നിശ്ചയിച്ച നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ മേൽ പറഞ്ഞ രീതിയിലുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടന്നതായി കാണുന്നില്ല. പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും വീഴ്ച വരുത്തി. ഓഡിറ്റ് വർഷം വകുപ്പ് തല പദ്ധതികൾക്ക് പോലും ഗുണഭോക്താക്കളെ ഗ്രാമസഭകളിലൂടെ തെരഞ്ഞെടുത്തില്ല. ഗുണഭോക്താക്കളെ ലക്ഷ്യമിട്ട നടപ്പാക്കുന്ന പദ്ധതികളിൽ അവരുടെ അർഹതയും, മുൻഗണനയും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളും തെരഞ്ഞെടുക്കപ്പെടേണ്ട ഗുണഭോക്താക്കളുടെ എണ്ണം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി വ്യാപകമായ പ്രചരണം കൊടുക്കേണ്ടതായിരുന്നു, എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യം വച്ച് നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ ലഘുലേഖകൾ, നോട്ടീസുകൾ, മാധ്യമങ്ങൾ തുടങ്ങിയവ മുഖാന്തിരം വാർഡ് തലത്തിലോ, മറ്റ് പ്രധാന സ്ഥലങ്ങളിലോ പ്രസിദ്ധപ്പെടുത്തിയിരുന്നില്ല. ഓഡിറ്റ് വർഷം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് നൽകിയ അപേക്ഷ ഫോറത്തിൽ പദ്ധതി സംബന്ധിച്ച മാനദണ്ഡങ്ങൾ അച്ചടിച്ച നൽകുകയാണ് ചെയ്തത്.

പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3(എ), 19.03.2003ലെ 13077/ഡി.പി.1/03/ത.സ്വ.ഭ.വ നം സർക്കുലർ പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കേന്ദ്ര, സംസ്ഥാന സർക്കാർ പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് നിശ്ചയിക്കേണ്ടത് ഗ്രാമസഭകളിലൂടെയാണ്. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഗ്രാമസഭകളിലൂടെയല്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സംഗതിയിൽ അടിസ്ഥാനപരമായി ഗ്രാമസഭകളാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. ഭരണഘടനാപരമായി ജനങ്ങൾക്ക് അധികാരത്തിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക ഭരണ സംവിധാനമാണ് ഗ്രാമസഭ. ഓഡിറ്റ് വർഷം ഗ്രാമസഭകൾ കൂടിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല, കൂടാതെ 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) അനുശാസിക്കുന്ന പ്രകാരം, ഓഡിറ്റ് റിപ്പോർട്ട്, ഭരണ സമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമ സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഗ്രാമസഭ ചേർന്ന തീയ്യതി താഴെ കൊടുക്കുന്നു,

| വാർഡ് നം | ഗ്രാമസഭ ചേർന്ന തീയ്യതി |
|---|---|
| I | 19.012022, 22.02.2022 |
| II | 18.012022, 22.02.2022 |
| III | 18.012022, 22.02.2022 |
| IV | 18.012022, 22.02.2022 |
| V | 18.012022, 22.02.2022 |
| VI | 19.012022, 22.02.2022 |
| VII | 19.012022, 22.02.2022 |

| | |
|---|---|
| VIII | 18.012022, 22.02.2022 |
| IX | 19.012022, 22.02.2022 |
| X | 19.012022, 22.02.2022 |
| XI | 19.012022, 22.02.2022 |
| XII | 19.012022, 22.02.2022 |
| XIII | 18.012022, 22.02.2022 |
| XIV | 18.012022, 22.02.2022 |
| XV | 16.012022, 22.02.2022 |

2021-22സാമ്പത്തിക വർഷം പദ്ധതി ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 19 പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയത്. എന്നാൽ 25.09.2021 തീയ്യതിയിലെ പഞ്ചായത്ത് ഭരണ സമിതിയുടെ 1/1 നമ്പർ തീരുമാനം പ്രകാരം പദ്ധതി ഗുണഭോക്താക്കളെ അംഗീകരിച്ച കൊണ്ട് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തുവെങ്കിലും ടി ഗുണഭോക്താക്കളെ ഗ്രാമസഭയിൽ ഉൾപ്പെടുത്തി അംഗീകരിച്ചതായി കാണുന്നില്ല. 29/1/2018 ലെ സ. ഉ ( കൈ) നം.1/2018/ ത.സ്വ.ഭ.വ നമ്പർ പദ്ധതി മാർഗരേഖ 11.3.4 പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ മുൻഗണനാലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് മിനട്സിൽ തീരുമാനം രേഖപ്പെടുത്തുകയും വേണം. എന്നാൽ പടന്ന ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി തെരഞ്ഞെടുത്തവരുടെ മുൻഗണനാ ക്രമം നിശ്ചയിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. ഓഡിറ്റ് വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു,

| | പ്രൊജക്റ്റിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | സുഭിക്ഷ കേരളം - വാഴക്കന്ന് വിതരണം | 137 |
| 2 | നാളികേര കർഷകർക്ക് ജൈവവളം | 1371 |
| 3 | നെൽകൃഷിക്ക് കൂലി ചെലവ് | 309 |
| 4 | സുഭിക്ഷ കേരളം - നെൽ വിത്ത് വിതരണം | 309 |
| 5 | പച്ചക്കറി വിത്തും വളവും | 301 |
| 6 | ഫലവൃക്ഷതൈ വിതരണം | 222 |
| 7 | കറവ പശു വളർത്തൽ - വനിത | 18 |
| 8 | വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ-ജനറൽ | 1155 |
| 9 | വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ-എസ്.സി | 145 |

| | | |
|---|---|---|
| 10 | വീട് വാസയോഗ്യമാക്കൽ-ജനറൽ | 113 |
| 11 | വനിതാ സംരംഭകങ്ങൾക്ക ധനസഹായം | 4 |
| 12 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 83 |
| 13 | വൃദ്ധർക്ക് കട്ടിൽ-ജനറൽ | 219 |
| 14 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് മുച്ചക്ര വാഹനം വാങ്ങൽ | 8 |
| 15 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ | 33 |
| 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും | 51 |
| 17 | വിവഹ ധനസഹായം(എസ്.സി) | 2 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി | 21 |
| 19 | വൃദ്ധർക്ക് കട്ടിൽ-എസ്.സി | 23 |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3,3എ,3ബി പ്രകാരം ഗ്രാമസഭയുടെ അധികാരങ്ങളും അവകാശങ്ങളും സെക്ഷൻ3എ (സി ) പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളിൽ നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി പഞ്ചായത്തിന് നൽകുക എന്നത് മാത്രമല്ല സെക്ഷൻ 3(9) പ്രകാരം അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകരെ കൂടി ക്ഷണിച്ചുകൊണ്ടുള്ള യോഗത്തിൽ വെച്ച് ഗ്രാമസഭ സൂക്ഷ്മ പരിശോധന നടത്തേണ്ടതും, മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയയ്ക്കേണ്ടതുമാണ്.

മേൽ നടപടി ക്രമങ്ങൾ ഒന്നും പാലിക്കാതെയാണ് ഓഡിറ്റ് വർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. 2021-22 വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും ഗ്രാമസഭ രണ്ട് തവണ ചേർന്നിട്ടുണ്ട്. എന്നിട്ടും പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കാത്തതിന് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 റോഡ് റെസ്റ്റൊറേഷൻ ചാർജ് കണക്കാക്കിയതിൽ അപാകത.

2021-22 സാമ്പത്തിക വർഷത്തിൽ ടെലിസോണിക്ക് നെറ്റ് വർക്സ് (എയർടെൽ) എന്ന സ്ഥാപനം പടന്ന, ഗ്രാമപഞ്ചായത്തിലെ ഉദിനൂർ റോഡിൽ 468 മീറ്റർ ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി റോഡ് കട്ടിങ് ചെയ്യുന്നതിന് 27.01.2021 ൽ TNL/KER/ROW/PWD/TKPR04/01 നമ്പറായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച അപേക്ഷയിൽ 468 മീറ്റർ നീളത്തിലും 0.45 മീറ്റർ വീതിയിലും Berm Cutting നടത്തുന്നതായാണ് സൂചിപ്പിച്ചിട്ടുള്ളത്. പ്രസ്തുത റോഡ് പരിശോധിച്ച് 468 മീറ്റർ നീളത്തിലും 0.45 മീറ്റർ വീതിയിലും Berm Cutting നടത്തുന്നതിന് റെസ്റ്റോറേഷൻ ചാർജ് ആയി 75,784 രൂപയാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുള്ളത്. ആയത് പ്രകാരമുള്ള 75,784 രൂപ 10.06.2021 തീയ്യതിയിലെ 121010400001 നമ്പർ രസീത് മുഖേന ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

റോഡുകളുടെ റെസ്റ്റൊറേഷൻ ചാർജ് കണക്കാക്കുമ്പോൾ വീതി ട്രഞ്ച് കീറുന്നതിന്റെ 1.5 ഇരട്ടി ആയി കണക്കാക്കണമെന്ന് PWD ചീഫ് എഞ്ചിനീയർ (റോഡ്സ്) 30.3.2019 ലെ NO:CE/R&B/GL-RC/2/2019, 24.9.2020 ലെ NO:CE/R&B/GL-RC/3/2018 നമ്പർ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ PWD ചീഫ് എഞ്ചിനീയർ (റോഡ്സ്) 30.3.2019 ലെ NO:CE/R&B/GL-RC/2/2019 നമ്പർ ഉത്തരവ് പ്രകാരം Berm Cutting നടത്തുന്നതിന് ചതുരശ്ര മീറ്ററിന് 359.85 രൂപ നിരക്കിലാണ് ഇവിടെയും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മേൽ അപേക്ഷയിൽ 468 മീറ്റർ നീളത്തിലും 0.45 മീറ്റർ വീതിയിലും റോഡ് കട്ട് ചെയ്യാനാണ് അനുമതി നൽകിയിട്ടുള്ളത്. റോഡ് കട്ട് ചെയ്യുന്നതിനുള്ള ഫീസ് കണക്കാക്കുന്നതിന് എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ (എസ്റ്റിമേറ്റ് തിയ്യതി 06.02.2021), വീതി ട്രഞ്ച് കീറുന്നതിന്റെ 1.5 ഇരട്ടി ആയി കണക്കാക്കണമെന്ന നിബന്ധന പാലിക്കാതെ യഥാർത്ഥത്തിൽ കട്ട് ചെയ്ത 0.45 മീറ്റർ വീതിയാണ് വിസ്തീർണം കണക്കാക്കുന്നതിന് പരിഗണിച്ചിട്ടുള്ളത്. ഇത്തരത്തിൽ തെറ്റായി എസ്റ്റിമേറ്റ് കണക്കാക്കിയത് മൂലം ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|
| 75,784/-രൂപ. [468mX0.45m, Say 210.60 M2 @ 359.85-m2= 75784]. (10.06.2021 തീയ്യതിയിലെ 121010400001 നമ്പർ രസീത്) | 113676/-രൂപ. [468mX 0.45m X 1.5 , Say 315.9m2 @ 359.85/m2 =113676 ] | 37,892/-രൂപ. [113676- 75784 ] |

സ്വകാര്യ കമ്പനികളുടെ ഒ.എഫ്.സി. കേബിളുകൾക്ക് അനുമതി നൽകുന്ന സംഗതികളിൽ റോഡുകളുടെ കട്ടിംഗ്, റിസ്റ്റോറേഷൻ എന്നിവയുടെ ഫീ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നടപ്പിലാക്കേണ്ടതാണ്. മേൽ അപാകതയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-24തീയ്യതി 01-12-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കാൻ കുറവ് വന്ന 37,892/-രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയരിൽ നിന്നും, റോഡ് കട്ടിംഗിന് അനുമതി നല്കിയ സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കറവപ്പശു വളർത്തൽ വനിത- ഒരേ ഗുണഭോക്താവിന് തന്നെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിൽ രണ്ട് തവണ കറവപ്പശു വാങ്ങുവാൻ സബ്സിഡി ആനുകൂല്യം നല്കി- തുക നിരാകരിക്കുന്നു.

പടന്ന ഗ്രാമപഞ്ചായത്തിലെ സുഭിക്ഷ കേരളം പദ്ധതി പ്രകാരം, പശു വളർത്തലിൽ താല്പര്യമുള്ള

ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. ഒരു ജനപ്രതിനിധി ചെയർമാനം, വെറ്റിനറി സർജ്ജൻ കൺവീനറും, ഗുണഭോക്താക്കളിൽ നിന്നുള്ളവർ അംഗങ്ങളുമായി പ്രത്യേക പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് കറവപ്പശുക്കളെ വാങ്ങണം. ഇൻഷ്വറൻസ്, തൊഴുത്ത്, തീറ്റ എന്നിവയുടെ ചെലവ് ഗുണഭോക്താവ് സ്വയം വഹിക്കണം. 3 വർഷത്തേക്ക് വളർത്താം എന്ന വ്യവസ്ഥയിൽ ഗുണഭോക്താക്കളുമായി മുദ്രപത്രത്തിൽ കരാർ ഒപ്പിടണം. 60,000/- രൂപയാണ് യൂണിറ്റ് കോസ്റ്റ്, അതിൽ 30,000/- രൂപ സബ്സിഡി, 30,000/- രൂപ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃവിഹിതമായി ഒടുക്കണം. എന്നാൽ പർച്ചേസ് കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ പദ്ധതിയിൽ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ (2017-22) ആദ്യ വർഷം തന്നെ (2017-18) സബ്സിഡി ആനുകൂല്യം നല്കിയ വി.കെ.റുഖിയ, ഓരിമുക്ക് എന്ന ഗുണഭോക്താവിന് പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിൽ തന്നെ വീണ്ടും പശുവളർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി സബ്സിഡി അനുവദിച്ചതായി കാണുന്നു.വിശദ വിവരം താഴെ കൊടുക്കുന്നു,

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പദ്ധതിനമ്പർ,പേര് | S0 028/22 – കറവപ്പശു വളർത്തൽ വനിത |
| അടങ്കൽ തുക | 12,00,000/-<br>(3,00,000/-വികസനഫണ്ട് ജനറൽ+3,00,000/-തനത് ഫണ്ട്+ 6,00,000/-ഗുണഭോക്തൃവിഹിതം) |
| ആകെ ചെലവ് തുക | 6,60,000/-(3,00,000/-വികസനഫണ്ട്-ജനറൽ + 30,000/-തനത് ഫണ്ട് +3,30,000/-ഗുണഭോക്തൃവിഹിതം) |
| ചെലവ് 6,60,000 | ബിൽ നം 8/30-11-2021 ₹1,20,000<br>ബിൽ നം 11/28-12-2021 ₹30,000<br>ബിൽ നം 13/14-02-2022 ₹90,000<br>ബിൽ നം 19/25-03-2022 ₹60,000<br>ചെക്ക് നം.126660/ 24-03-2022 ₹30,000<br>ഗുണഭോക്തൃവിഹിതം- ₹3,30,000 |

മേൽ ചെലവ് തുകയിൽ ബിൽ നം 8/30-11-2021 പ്രകാരമുള്ള 1,20,000 രൂപയിലെ 30,000രൂപ വി.കെ.സുലൈഖ, കൈതക്കാട് എന്നവർക്ക് യൂണിയൻ ബാങ്കിലുള്ള അക്കൗണ്ട് നം 672202010006753-ലേക്കാണ് നല്കിയത്. 2017-18 വർഷത്തിലും വി.കെ.സുലൈഖ, കൈതക്കാട് എന്ന ഗുണഭോക്താവിന് കറവപ്പശു വളർത്തൽ പദ്ധതിക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട വിവരം വിവരിക്കുന്നു,

| ധനസഹായം നല്കിയ വർഷം | ഗുണഭോക്താവിന്റെ പേര് | കറവപ്പശുനൽകിയ വ്യക്തിയുടെ പേര് | ബാങ്ക് അക്കൗണ്ട് നം. | സബ്സിഡിയായി നല്കിയ തുക |
|---|---|---|---|---|
| 2017-18 | വി.കെ.റുഖിയ, ഓരിമുക്ക് | വി.കെ.സുലൈഖ, കൈതക്കാട് | 672202010006753, Union Bank | 25,000 |
| 2021-22 | വി.കെ.റുഖിയ, ഓരിമുക്ക് | വി.കെ.സുലൈഖ, കൈതക്കാട് | 672202010006753, Union Bank | 30,000 |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ കറവപ്പശു വളർത്തലിന് ആനുകൂല്യം ലഭിച്ചവർ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ പശു വളർത്തലിന് അർഹരല്ലെന്ന് പതിമൂന്നാം

പഞ്ചവത്സരപദ്ധതിയുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിൽ (സ,ഉ.(എം.എസ്)നമ്പർ.80/2017/ത.സ്വ.ഭ.വ., തീയ്യതി 03.04.2017- ഖണ്ഡിക 8.2, കുറിപ്പ് 7-ൽ) നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിൽ തന്നെ രണ്ട് തവണ ആനുകൂല്യം അനുവദിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26തീയ്യതി 01-12-2022) മറുപടി ലഭിച്ചില്ല. മേൽ അപാകത കാരണം വി.കെ.സുലൈഖ, കൈതക്കാട് എന്ന വ്യക്തിക്ക് സബ്സിഡിയായി വികസന ഫണ്ട്-ജനറലിൽ നിന്നും നല്കിയ 30,000 രൂപയുടെ ചെലവ് മേൽ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥയായ വെറ്ററിനറി സർജന്റെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2021-22 | 25.11.2022 & 26.11.2022 | അനുബന്ധം 1-ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,96,000 | നെൽകൃഷിക്ക്കൂലിചെലവ് | 1,96,000 | |
| | 2021-22 | 50000 | സ്വന്തന പരിചരണം | 50000 | |
| | 2021-22 | 2,10,812 | ലൈഫ്ഭവനപദ്ധതി(ജനറൽ) | 2,10,812 | |
| | 2021-22 | 20,59,887 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി 2021-22) | 20,59,887 | |
| | 2021-22 | 1,32,772 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,32,775 | |
| | 2021-22 | 5,50,000 | ക്ഷീര കർഷകർക്ക് – പാലിന് സബ്സീഡി | 5,50,000 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,96,000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 1,96,000 | |
| | 2021-22 | 96,250 | സാന്ത്വന പരിചരണം | 96,250 | |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 2,30,000 | ലൈഫ് ഭവനരഹിതർക്ക് വീട് എസ്.സി.പി | 2,30,000 | |
| | 2021-22 | 10,00,000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി -2021-22 | 10,00,000 | |
| | 2021-22 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,00,000 | |
| | 2021-22 | 2,00,000 | ക്ഷീര കർഷകർക്ക് – പാലിന് സബ്സീഡി | 2,00,000 | |
| | 2021-22 | 1,00,000 | അഗതി രഹിത കേരളം | 1,00,000 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| KSEB | പ്രൊ.നം. 109 – പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 22101282 തീ.21.03.2022 | 87,084 | 0 | 87,084 |
| | | 22101419 തീ.31.03.2022 | 9,92,877 | 0 | 9,92,877 |
| | | 22101418 തീ.31.03.2022 | 3,97,521 | 0 | 3,97,521 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/18 Dtd.18.05.2018, GO(MS)100/18 | 1,25,91,018 | 1,04,69,685 + 8,60,000(തൻവർഷം) | 13,78,667 | | 99,51,018 |

| | | | | | | |
|---|---|---|---|---|---|---|
| | Dtd.30.07.2018, GO(MS)110/18 Dtd.13.08.2018 | =1,13,29,685 | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 35,07,300 |
| തൻവർഷം നിക്ഷേപിച്ചത് | 2,54,280 |
| ആകെ | 37,61,580 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 37,61,580 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം .(31-3-2022)

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി) | നിക്ഷേപിച്ച തിയതി (Renewel) | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പടന്ന എസ്.സി.ബി | 12.09.2021 | 12.09.2022 | 12,53,860 | രസീറ്റ്നം.1364 |
| 2 | പടന്ന എസ്.സി.ബി | 12.09.2021 | 12.09.2022 | 12,53,860 | രസീറ്റ്നം.1365 |
| 3 | പടന്ന എസ്.സി.ബി | 12.09.2021 | 12.09.2022 | 12,53,860 | രസീറ്റ്നം.1366 |
| ആകെ | | | | 37,61,580 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 578/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2019-2020 | 1(17) -1 | 278 | ഷൈജു, ക്ലാർക്ക് | 121010104614, തീ.14.02.2022 |
| 2006-2007 | 3-1 | 300 | സൂഫി, ഹെഡ് ക്ലാർക്ക് | 121010102865, തീ.28.12.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01 (Plan) | ഖ.32 | 2003-04 | 3-14-3-7 | പവർടില്ലർ വാങ്ങിയത് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23), 02.09.2021 ന് സിറ്റിംഗ് നടത്തി. 24.8.2021ന് എം.ഐ.പി സമർപ്പിച്ചു. പരാമർശം ഒഴിവാക്കുവാൻ ശുപാർശ നൽകിയിട്ടുണ്ട്. |
| 2014-15 | 2014-15 ഖ.2-1,2-2, 2.6*, 2.7*, 2.8*, 2.9*, 2.10* | 2016-17 | അധ്യായം 1 അനുബന്ധം 3 | വസ്തു നികുതി പരാമർശങ്ങൾ | തടസ്സം തുടരുന്നു. (2.6, 2.7, 2.8, 2.9, 2.10 എന്നീ ഖണ്ഡികകൾ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ടവയാണ്. തിരുത്തൽ പത്രിക പുറപ്പെടുവിക്കാൻ ഡയറക്ടറേറ്റിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്.) |
| 2015-16 | 2-4 | 2016-17 | അധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | തടസ്സം തുടരുന്നു |
| തദ്ദേശ സ്ഥാപനങ്ങളിലെ ഈ ഗവേൺസ് സംവിധാനം-പ്രത്യേക അവലോകന റിപ്പോർട്ട് 2017-18 | - | 2017-18 | 2-1 (പേജ് 307to 320 & 467 To 482) | സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള കമ്പ്യൂട്ടറുകൾ ഇല്ല | മറുപടി ലഭ്യമാക്കിയിട്ടില്ല . പരാമർശം തുടരുന്നു |

4-9 ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല.

ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 7,60,88,485 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 7,92,44,782 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹37,892 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹30,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹44,53,096 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | ₹37,892 | - | ₹18,946-ശ്രീമതി. അനിത.കെ, AE |
| | | - | ₹18,946,ശ്രീമതി.നിർമ്മല.പി.വി,സെക്രട്ടറി |
| 3-1 | - | ₹30,000 | ഡോ.ശ്രീവിദ്യനമ്പ്യാർ, വെറ്റിനറി സർജ്ജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | ₹ 2,50,000 | ഡോ. നിഷ, മെഡിക്കൽ ഓഫീസർ,ആയുർവേദം |
| 1-20 | ₹ 2,29,984 | ശ്രീ രാമചന്ദ്രൻ നായർ കെ പി, പ്രധാനാധ്യാപകൻ |
| 1-21 | ₹ 5,25,753 | ശ്രീ രാമചന്ദ്രൻ നായർ കെ പി, പ്രധാനാധ്യാപകൻ |
| 1-22 | ₹ 30,004 | ശ്രീ ബാലകൃഷ്ണൻ നാറോത്ത്, പ്രധാനാധ്യാപകൻ |
| 1-23 | ₹ 40,182 | ശ്രീ ബാലകൃഷ്ണൻ നാറോത്ത്, പ്രധാനാധ്യാപകൻ |
| 1-24 | ₹ 6,50,000 | ശ്രീ ബാലകൃഷ്ണൻ നാറോത്ത്, പ്രധാനാധ്യാപകൻ |
| 1-30 | ₹ 3,73,200 | ഡോ.ശ്രീവിദ്യ നമ്പ്യാർ, വെറ്റിനറി സർജ്ജൻ |
| 1-32 | ₹ 3,92,527 | ശ്രീ വിനയരാജ് കെ വി , അസിസ്റ്റന്റ് സെക്രട്ടറി |
| 1-34 | ₹ 14,77,482 | ശ്രീമതി നിർമ്മല പി വി, സെക്രട്ടറി |
| 1-35 | ₹3,78,000 | ശ്രീമതി നിർമ്മല പി വി, സെക്രട്ടറി |
| 1-36 | ₹ 1,05,964 | ശ്രീമതി നിർമ്മല പി വി, സെക്രട്ടറി |
| ആകെ | ₹44,53,096 | |

(സി) കേന്ദ്ര -സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ്നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനിത.കെ, അസിസ്റ്റന്റ്എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, പടന്ന ഗ്രാമപഞ്ചായത്ത് | W/o വിനോദ് കുമാർ, തോട്ടുകളം(വീട്),പരവനടുക്കം പി.ഒ,കാസറഗോഡ്. ജില്ല. പിൻ.671317 |
| ഡോ.ശ്രീവിദ്യനമ്പ്യാർ, വെറ്റിനറി സർജ്ജൻ | വെറ്റിനറി സർജ്ജൻ, പടന്ന ഗ്രാമപഞ്ചായത്ത് | ഗംഗോൽഹർ, പിലിക്കോട്, മട്ട്ളായി, പിലിക്കോട്. പി.ഒ, കാസറഗോഡ്. ജില്ല. പിൻ.671310 |
| ശ്രീമതി.നിർമ്മല.പി.വി, സെക്രട്ടറി | സെക്രട്ടറി (Rtd) | W/oകരുണാകരൻ, പടന്നക്കാട്.പി.ഒ, കാസറഗോഡ്. ജില്ല. പിൻ.671314 |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| Sl No | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1 | 1995-96 | കെ.എസ്.എ കെ.എസ്.ഡി-10/82/2022 തീ.27.08.2022 | 3 |
| 2 | 1997-98 | കെ.എസ്.എ കെ.എസ്.ഡി-10/82/2022(1) തീ.27.08.2022 | 2 |
| 3 | 1998-99 | കെ.എസ്.എ കെ.എസ്.ഡി-10/82/2022(2) തീ.27.08.2022 | 1 |
| 4 | 1999-00 | കെ.എസ്.എ കെ.എസ്.ഡി-10/82/2022(3) തീ.27.08.2022 | 5 |
| 5 | 2000-01 | കെ.എസ്.എ കെ.എസ്.ഡി-10/82/2022(4) തീ.27.08.2022 | 6 |
| 6 | 2001-02 (P) | കെ.എസ്.എ കെ.എസ്.ഡി-10/82/2022(5) തീ.27.08.2022 | 2 |
| 7 | 2001-02 | കെ.എസ്.എ കെ.എസ്.ഡി-9/48/201(6) തീ.19.03.2016 | 2 |
| 8 | 2002-03 | കെ.എസ്.എ കെ.എസ്.ഡി-10/82/2022(6) തീ.27.08.2022 | 1 |

| | | | |
|---|---|---|---|
| 9 | 2003-04 | കെ.എസ്.എ കെ.എസ്.ഡി-10/82/2022(7) തീ.27.08.2022 | 2 |
| 10 | 2004-05 | കെ.എസ്.എ കെ.എസ്.ഡി-9/48/2016(9) തീ.19.03.2016 | 3 |
| 11 | 2005-06 | കെ.എസ്.എ കെ.എസ്.ഡി-10/82/2022(8) തീ.27.08.2022 | 2 |
| 12 | 2007-08 | കെ.എസ്.എ കെ.എസ്.ഡി-10/120/22 (1) തീ.27.08.2022 | 2 |
| 13 | 2008-09 | കെ.എസ്.എ കെ.എസ്.ഡി-10/120/22 (2) തീ.27.08.2022 | 2 |
| 14 | 2009-10 | കെ.എസ്.എ കെ.എസ്.ഡി-10/120/22 (3) തീ.27.08.2022 | 2 |
| 15 | 2010-11 | കെ.എസ്.എ കെ.എസ്.ഡി-10/120/22 (4) തീ.27.08.2022 | 2 |
| 16 | 2011-12 & 2012-13 | കെ.എസ്.എ കെ.എസ്.ഡി-10/120/22 (5) തീ.27.08.2022 | 3 |
| 17 | 2013-14 | കെ.എസ്.എ കെ.എസ്.ഡി-10/853/22 (2) തീ.24.09.2022 | 5 |
| 18 | 2014-15 | കെ.എസ്.എ കെ.എസ്.ഡി-10/853/22 (3) തീ.24.09.2022 | 10 |
| 19 | 2015-16 | കെ.എസ്.എ കെ.എസ്.ഡി-10/853/22 (4) തീ.24.09.2022 | 6 |
| 20 | 2016-17 | കെ.എസ്.എ കെ.എസ്.ഡി-10/853/22 (5) തീ.24.09.2022 | 4 |
| 21 | 2017-18 | കെ.എസ്.എ കെ.എസ്.ഡി-10/120/22 (8) തീ.27.08.2022 | 8 |
| 22 | 2018-19 | കെ.എസ്.എ കെ.എസ്.ഡി-10/120/22 (9) തീ.27.08.2022 | 12 |
| 23 | 2019-20 | കെ.എസ്.എ കെ.എസ്.ഡി-10/498/22 തീ.30.04.2022 | 11 |
| 24 | 2020-21 | കെ.എസ്.എ കെ.എസ്.ഡി-10/501/2022 തീ.31.03.2022 | 16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Padne Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25977437.00 |
| Cash | Cash | RP-40(a) | 866348.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 964430.00 |
| 140000000 | Fees & User Charges | RP-4 | 627076.00 |
| 150000000 | Sale & Hire Charges | RP-5 | 1752472.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 41991020.00 |
| 171000000 | Interest Earned | RP-9 | 676037.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12887296.00 |

| | | | |
|---|---|---|---|
| | | | |
| 350000000 | Other Liabilities | RP-36 | 11218930.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 17437.00 |
| 311000000 | Earmarked Funds | RP-29 | 3001.00 |
| 330000000 | Secured Loans | RP-32 | 860000.00 |
| 340000000 | Deposits Received | RP-34 | 118212.00 |
| 350000000 | Other Liabilities | RP-36 | 555796.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4416778.00 |
| | Grand total | | 102932270.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3535701.00 |
| 220000000 | Administrative Expenses | RP-12 | 1047775.00 |
| 230000000 | Operations & Maintenance | RP-13 | 2146089.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6248459.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 20934010.00 |
| 252000000 | Decentralised Plan Programme- | RP-17 | 1628228.00 |

| | | | |
|---|---|---|---|
| | Infrastructure Sector | | |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 347547.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 615000.00 |
| 255000000 | Maintenance Projects | RP-20 | 6362633.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 73500.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 105312.00 |
| 350000000 | Other Liabilities | RP-36 | 19490292.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1303.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 60669.00 |
| 350000000 | Other Liabilities | RP-36 | 3961915.00 |
| 410000000 | Fixed Assets | RP-38 | 10790519.00 |
| 460000000 | Loans, Advances and Deposits | RP-47 | 1895830.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 23341131.00 |
| Cash | Cash | RP-40(b) | 346357.00 |
| | Grand Total | | 102932270.00 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-4
## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Padne Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5504447.00 |
| 140000000 | Fee & User Charges | I-4(b) | 765932.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 1752472.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | 1-6 | 141050103.00 |
| 170000000 | Income from Investments | 1-7 | 254280.00 |
| 171000000 | Interest Earned | 1-8 | 676037.00 |
| 180000000 | Other Income | 1-9 | 17437.00 |
| | Total Income | | 150020708.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12698258.00 |
| 220000000 | Administrative Expenses | I-11(b) | 1150449.00 |
| 230000000 | Operations & Maintenance | I-12(b) | 2156657.00 |
| 240000000 | Interest & Finance Charges | 1-13 | 1303.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | 1-14 | 6502599.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | I-14(a) | 69617187.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | I-14(b) | 1628228.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | I-14(c) | 873729.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 49801000.00 |
| 255000000 | Maintenance Projects | I-14(e) | 6362633.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | 1-15 | 73500.00 |
| 272000000 | Depreciation | I-17(a) | 87810.00 |

| | | | |
|---|---|---|---|
| | Total Expenditure | | 150953353.00 |
| | Gross Surplus / Deficit of income over Expenditure | | -932645.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -1265836.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 333191.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-5
## ബാലൻസ് ഷീറ്റ്

| Padne Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| 310000000 | Panchayat / Municipal Fund | B-1 | 5691478.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 20234.00 |
| 312000000 | Reserves | B-3 | 72962616.00 |
| | Total Reserve & Surplus | | 78674328.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11388404.00 |
| | Total Grants, Contributions for Specific Purposes | | 11388404.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 9951018.00 |
| | Total Loans | | 9951018.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 318101.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2008213.00 |
| | Total Current Liabilities and Provisions | | 2326314.00 |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 102340064.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 115185579.00 |
| 411000000 | Accumulated Depreciation | B-11 | -52634268.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 62551311.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 3761580.00 |
| | Total Investments | | 3761580.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 196225.00 |
| 440000000 | Pre-paid Expenses | B-16 | 9951018.00 |
| 450000000 | Cash and Bank Balance | B-17 | 23687488.00 |
| 460000000 | Loans, Advances and Deposits | B-18 | 2192442.00 |
| | Total Current Assets, Loans and Advances | | 36027173.00 |

| | | |
|---|---|---|
| | | |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 102340064.00 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്